

പെരുമ്പടപ്പ് ബ്ലോക്ക് പഞ്ചായത്ത്

പൗരാവകാശ രേഖ 2025

പെരുമ്പടപ്പ് ബ്ലോക്ക് പഞ്ചായത്ത്
പരിഷ്കരിച്ച പൗരാവകാശ രേഖ – 2025
തിയ്യതി : 2025 ജനുവരി 10

പത്രാധിപസമിതി

ചെയർമാൻ	: അഡ്വ. ഇ. സിന്ധു (പ്രസിഡന്റ്, പെരുമ്പടപ്പ് ബ്ലോക്ക് പഞ്ചായത്ത്)
കൺവീനർ	: ശ്രീ.അമൽദാസ്.കെ.ജെ (സെക്രട്ടറി & ബി.ഡി.ഒ)
കുറിപ്പുകൾ	: ശ്രീ.രൂപേഷ്.സി (വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ)
ടൈപ്പ് സെറ്റിങ്	: ശ്രീ.ഷഹീർ.പി (ബ്ലോക്ക് കോ-ഓർഡിനേറ്റർ) ടൈപ്പ് സെറ്റിങ്

പെരുമ്പടപ്പ് ബ്ലോക്ക് പഞ്ചായത്ത്

പരിഷ്കരിച്ച പൗരാവകാശ രേഖ - 2024 - 25

കൂടെയുണ്ടാകുമെന്ന ഉറപ്പ്

പെരുമ്പടപ്പ് ബ്ലോക്ക് പഞ്ചായത്തിലും അനുബന്ധ സ്ഥാപനങ്ങളിലും ലഭ്യമാകുന്ന സേവനങ്ങളെക്കുറിച്ചും ഇവിടുത്തെ ഉദ്യോഗസ്ഥവിന്യാസത്തെക്കുറിച്ചും പ്രവർത്തനരീതി കളെക്കുറിച്ചും പൊതുജനങ്ങൾക്ക് മനസ്സിലാകുന്ന വിധത്തിൽ ലളിതമായി പ്രതിപാദിക്കുന്ന ഒരു കൈപ്പുസ്തകമാണ് ഈ പൗരാവകാശ രേഖ.

ജനങ്ങളുടെ അറിയാനുള്ള അവകാശവും സേവനാവകാശവും ഉറപ്പുവരുത്തു ന്നതിനായി തയ്യാറാക്കപ്പെടുന്ന ഈ പുസ്തകം കേവലമായ ഒരു ഔദ്യോഗിക രേഖ മാത്രമല്ല. ഇത് ഒരു സങ്കൽപവും വാഗ്ദാനവും കൂടിയാണ്.

ഏതൊരു സർക്കാർ സ്ഥാപനവും ജനങ്ങളുടെ ആശയങ്ങൾക്കും ആവശ്യങ്ങൾക്കും അനുസരിച്ച് എത്രമാത്രം ഉയർന്നു പ്രവർത്തിക്കേണ്ടതുണ്ട് എന്ന മഹത്തായ സങ്കൽപം

ഓരോ പൗരന്റെയും ജീവസ്സായ പ്രശ്നങ്ങൾക്ക് സുതാര്യമായും കാര്യക്ഷമമായും പരിഹാരം കണ്ടെത്താനും പൊതു സമൂഹത്തോടുള്ള ഉത്തരവാദിത്തം നിറവേറ്റാനും ഓരോ സർക്കാർ സ്ഥാപനവും ബാധ്യസ്ഥരാണെന്ന വാഗ്ദാനവും ..

പ്രയോഗത്തിലൂടെ മാത്രം പൂർണ്ണമാകാവുന്ന ഈ സങ്കൽപ്പങ്ങളും വാഗ്ദാനങ്ങളും നിങ്ങൾക്കു മുന്നിൽ സമർപ്പിക്കുന്നു. ഇവയുടെ സാക്ഷാത്കാരത്തിന് എന്നും നിങ്ങളോടൊപ്പം ഉണ്ടാകുമെന്ന ഉറപ്പോടെ

അഡ്വ. ഇ. സിന്ധു

(പ്രസിഡന്റ്, പെരുമ്പടപ്പ് ബ്ലോക്ക് പഞ്ചായത്ത്)

പെരുമ്പടപ്പ് ബ്ലോക്ക് പഞ്ചായത്ത്
പരിഷ്കരിച്ച പൗരാവകാശ രേഖ - 2024 - 25

പെരുമ്പടപ്പ് ബ്ലോക്ക് പഞ്ചായത്ത്
ഇവിടെ ചരിത്രത്തിന്റെ അലയൊലികൾ നിലയ്ക്കുന്നില്ല

ചരിത്രം ഉറങ്ങികിടക്കുന്ന സ്ഥലങ്ങൾ ലോക ഭൂമി ശാസ്ത്രത്തിൽ നിരവധിയാണ്. എന്നാൽ ഇന്നും ചരിത്രം തുടിക്കുന്ന സ്ഥലങ്ങൾ എറെയില്ല. അനാദിയായ ഭൂതകാലത്തിന്റെ ചക്രവാളസീമയിൽ നിന്നും നിലയ്ക്കാത്ത തിരകൾ പോലെ ചരിത്രം പെരുമ്പടപ്പിന്റെ കരയിലേക്ക് അലയടിച്ചുകൊണ്ടേയിരിക്കുന്നു.

19-ാം നൂറ്റാണ്ടിൽ കേരളത്തിൽ ജീവിച്ചിരുന്ന പ്രമുഖ ചരിത്രകാരനായ കെ.പി.പത്മനാഭ മേനോന്റെ വിശ്രുതമായ കൊച്ചിരാജ്യചരിത്രത്തിൽ പൊന്നാനിക്കും തെക്കും ചാവക്കാടിന് വടക്കുമുള്ള പ്രദേശമാണ് പെരുമ്പടപ്പ് സ്വരൂപമെന്ന് പറയുന്നു. ചേരമാൻ പെരുമാൾ മക്കയിലേക്ക് പോകുംമുൻപ് വിഭജിച്ചുനൽകിയ ഇടം,കൊല്ലിനും കൊലയ്ക്കും അധികാരമുള്ള പെരുമ്പടപ്പ് സ്വരൂപമായി മാറി. പതിമൂന്നാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധം വരെ ഇവിടം കൊച്ചി രാജ്യത്തിന്റെ തലസ്ഥാനമായിരുന്നു.



മാമാങ്കം, മഹോദയപുരം, പോർച്ചുഗീസ് ഡച്ച് അധിനിവേശങ്ങൾ, സാമൂതിരി ചരിതം, ടിപ്പുവിന്റെ പടയോട്ടം തുടങ്ങി കേരളത്തെ നിരന്തരം തിരുത്തിക്കുറിച്ചു കൊണ്ടിരുന്ന നിരവധിയായ മാറ്റങ്ങൾക്ക് അരങ്ങൊരുങ്ങിയ വേദിയുടെ ഭാഗമായി രുന്നത്രേ ഇന്നത്തെ പെരുമ്പടപ്പ് ബ്ലോക്കി ന്റെ ഭാഗമായി വരുന്ന അഞ്ചു പഞ്ചായത്തു കളും. ആ ചരിത്ര നാടകങ്ങളുടെ ആഴങ്ങൾ വേദിയുടെ ഭാഗമായിരുന്നത്രേ ഇന്നത്തെ പെരുമ്പടപ്പ് ബ്ലോക്കിന്റെ ഭാഗമായി വരുന്ന അഞ്ചു പഞ്ചായത്തുകളും. ആ ചരിത്ര നാടകങ്ങളുടെ ആഴങ്ങൾ പേറുന്ന ഒരു അടുക്കള കിണർ മാത്രമാണ് പെരുമ്പടപ്പ് പഞ്ചായത്തിൽ കണ്ടെടുക്കാനുള്ളത്



മാറഞ്ചേരി, ആലങ്കോട് പ്രദേശങ്ങളിൽ സമ്പന്നമായ ഗോത്രസംസ്കാരസ്മൃതി ഉണർത്തുന്ന തൊപ്പിക്കല്ലുകളും കൂടക്കല്ലുകളും നമുക്ക് കണ്ടെത്താൻ കഴിയും. സാക്ഷാൽ ശങ്കരാചാര്യർ വന്നിരുന്നതും പണി തീർത്തതുമായ മേലേക്കാവ് ഉൾപ്പടെ 6 അമ്പലങ്ങൾ അപൂർവ ജൈവവൈവിധ്യം പേറുന്ന 5 ഏക്കർ വനം എന്നിവ ഇന്നും നിലനിൽക്കുന്നു എന്നത് നിഗൂഢവും അമൂല്യവുമായ അറിവിന്റെ ഇടങ്ങൾ ചരിത്രത്തിൽ ഉണ്ടെന്നുള്ളതിന്റെ പ്രതീകമായി കരുതാം

പരശുരാമ ഗോത്രത്തിൽപ്പെട്ട ബ്രാഹ്മണരും അഷ്ടഗ്രഹത്തിൽ ആഢ്യന്മാർ വന്നുകയറിയ വന്നേരി നാടായതുകൊണ്ടാവണം കേരളത്തിലെ ബ്രാഹ്മണസമൂഹത്തിലെ ഏറ്റവും ശ്രേഷ്ഠമെന്നു കരുതുന്ന ആഴ്വാഞ്ചേരി മനയും തമ്പ്രാക്കളും ഇവിടുത്തെ മാറഞ്ചേരിയിൽ നിന്നായതും.

തന്ത്രസമുച്ചയം രചിച്ച ചേന്നാസ് നാരായണൻ നമ്പൂതിരിപ്പാടിന്റെ ചേന്നാസ് മന വെളിയങ്കോട് ആയിരുന്നു.

ടിപ്പു സുൽത്താൻ മൈസൂർ അധിനിവേശകാലത്ത് പടനയിച്ചെത്തിയ റോഡ് ഇന്ന് ആധുനിക ടിപ്പുസുൽത്താൻ ഹൈവേ ആയി മാറിയിരിക്കുന്നു. ടിപ്പുവും പടയാളികളും താമസിച്ച് കളരിയഭ്യസിച്ച വേളാട്ട് കളരിക്കൽ പള്ളിക്കര ക്ഷേത്രം പഴയ ആയോധന പെരുമയുടെ അടയാളമായ് ഇന്നും നിലനിൽക്കുന്നു.

ചരിത്രത്തിൽ നിന്നും ഐതിഹ്യങ്ങളെയും വാമൊഴി കലാപാരമ്പര്യങ്ങളെയും കഥകളെയും അടർത്തിമാറ്റുക എളുപ്പമല്ല. പണ്ട് പണ്ട് ഒരു ചൈനീസ് കപ്പൽ കടൽ കോളിൽപ്പെട്ടുലഞ്ഞ് നിവൃത്തിയില്ലാതെ വെളിയങ്കോട് കടപ്പുറത്ത് നങ്കൂരമിട്ടു. കപ്പലിന് ക്ഷതം സംഭവിച്ചതിനാൽ ചരക്കുകളിറക്കിവെച്ച് കരമാർഗ്ഗം യാത്രചെയ്യാൻ തീരുമാനിച്ചു. അവർ അന്നു ദരിദ്രരായിരുന്ന വെളിയങ്കോട് പാണ്ടത്ത് മനക്കാരെ തങ്ങളുടെ ഭരണികൾ സൂക്ഷിക്കാൻ ഏൽപിച്ചു എന്നും സ്വർണ്ണം നിറച്ച ആ ഭരണികൾ കൃത്യമായി തിരിച്ചേൽപിച്ച അവരുടെ സത്യസന്ധതയിൽ സന്തുഷ്ടരായ ചീനക്കാർ അതിലൊരുഭരണി അവർക്കായി സമ്മാനിച്ചു എന്നും അതിലൂടെ ആ മന സമ്പന്നമായി എന്നും ഒരു കഥയുണ്ട്.

കഥയുടെ സത്യം എന്തുമാകട്ടെ കടൽ കടന്നെത്തിയ സ്വർണ്ണവും ചരക്കുകളും അറിവും

പാരമ്പര്യവും കൊണ്ട് സമ്പന്നമായിരുന്നു കേരളത്തിൽ നിന്നുള്ള ലോക കവാടങ്ങളിലൊന്നായ പൊന്നാനി തുറമുഖവും അതിന്റെ അനുബന്ധ പ്രദേശങ്ങളും.

ഇസ്ലാമിക പാരമ്പര്യത്തിന്റെ വരവും അറബുനാടുകളുമായുള്ള കൊടുക്കൽ വാങ്ങലുകളും നമ്മുടെ സാമ്പത്തിക സാമൂഹിക മാധ്യമങ്ങളിൽ വരുത്തിയ മാറ്റം പോലെ തന്നെ പ്രധാനമാണ് വാനനിരീക്ഷണം, ഗണിതം തുടങ്ങിയ അറിവിന്റെ രംഗത്തേക്കു നൽകിയ സംഭാവനകളും. അത് നമ്മുടെ പാട്ടുകളെയും കവിതയെയും കലയെയും സമ്പന്നമാക്കി. ആ സമ്പന്നതയുടെ വരവ് ഇന്നും തുടരുന്നു.

വെളിയങ്കോട് ഉമർഖാസി ജാറം, പുത്തൻപള്ളി ജാറം,കോടഞ്ചേരി പള്ളി, കണ്ണേങ്കാവ് ക്ഷേത്രം, മൂക്കുതല മാർത്തോമാ പള്ളി, വെളിയങ്കോട് ചന്ദനക്കുടം നേർച്ച, പണിക്കൻകാവ് എന്നിങ്ങനെ അമ്പലങ്ങളും പള്ളികളും ആഘോഷങ്ങളുമായി സാംസ്കാരിക സമന്വയത്തിന്റെ വലിയ അന്തരീക്ഷം ഇവിടെ നിലനിൽക്കുന്നു. പണ്ടെങ്ങോ വന്നു പോയതോ താമസിച്ചിരുന്നതോ ആയ ജൂത സാന്നിദ്ധ്യത്തിന്റെ അടയാളമായി ബ്രായിൽ കടവ് എന്ന സ്ഥലവും ഇവിടെയുണ്ട്.

പാണർപൂതം, മണ്ണാർപൂതം, തെയ്യംതിറ, പുള്ളുവൻപാട്ട്, നന്തുണിപ്പാട്ട്, മൂക്കൻചാത്തൻ, ഒപ്പന, അറവനമുട്ട്, വില്ലിന്മേൽ തായമ്പക എന്നിങ്ങനെ നമ്മുടെ ജീവിതത്തെ വർണ്ണാഭമാക്കുന്ന നിരവധിയായ കലാരൂപങ്ങൾ.

എന്നാൽ ഈ വർണ്ണശബളമായ ഈ ജീവിതം കൈവന്നത് നിരവധിയായ പോരാട്ടങ്ങളിലൂടെ കൂടിയാണ്.

ഇന്ത്യയിലെ ആദ്യത്തെ സ്വാതന്ത്ര്യസമരം എന്നറിയപ്പെടുന്ന ശിപായിലഹളയ്ക്ക് മുൻപുതന്നെ ബ്രിട്ടീഷ് ആധിപത്യത്തിനെതിരെ നികുതി നിഷേധവും വ്യക്തി സത്യാഗ്രഹ സമരവും നയിച്ച തുക്കിടി സായ്പിന്റെ മുഖത്തു തുപ്പിയ സൂഫി വര്യനായ ഉമർഖാസിയുടെ പോരാട്ട വീര്യവും സ്വാതന്ത്ര്യവാഞ്ജയും ഇവിടുത്തെ ആത്മാലുണ്ട്. മലയംകുളത്തേൽ മരയ്ക്കാർ മുസ്ല്യാരും അദ്ദേഹത്തിന്റെ പുത്രൻ ഇ.മൊയ്തു മൗലവിയും അദ്ദേഹത്തിന്റെ മകൻ എം.റഷീദ് എന്നിവരും ഒരു കുടുംബത്തിൽ നിന്നും സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്ത മൂന്നു തലമുറയിൽപ്പെട്ടവരാണ്. അതുതന്നെയല്ലെ മേൽ പറഞ്ഞതിനു സാക്ഷ്യപത്രം.

ആദ്യം കോൺഗ്രസായും പിന്നീട് സോഷ്യലിസ്റ്റ് കോൺഗ്രസുകാരനായും പ്രവർത്തിച്ച്, നിരന്തരമായ പോലീസ് മർദ്ദനത്താൽ ആരോഗ്യം ക്ഷയിച്ച് 28–ാം വയസ്സിൽ അന്തരിച്ച പറയിരിക്കൽ കൃഷ്ണപണിക്കർ, വന്നേരിനാട്ടിൽ കമ്മ്യൂണിസ്റ്റ് പ്രസ്ഥനത്തിന് വളക്കൂറുള്ള മണ്ണൊരുക്കിയ കൊളാടി ബാലകൃഷ്ണൻ എന്ന ഉണ്ണി, കണാരൻ മാസ്റ്റർ, കൊടമന നാരായണൻ നായർ, ഒ.കെ.മാമുണ്ണി, സാധു.ടി.അബ്ദുള്ളകുട്ടി, സി.പി.രാമപണിക്കർ എന്നിങ്ങനെ നിരവധിപേർ സ്വാതന്ത്ര്യ സമരകാലത്തെ വഴിവിളക്കുകളായുണ്ട്. എം.ആർ.ബിയും മക്തി തങ്ങളും അബ്ദുറഹ്മാൻ സാഹിബുമെല്ലാം നവോത്ഥാനത്തിന്റെ വിത്തെറിഞ്ഞ ഈ മണ്ണ് ജന്മിത്തത്തിനെതിരെ പൊരുതിയ ഇമ്പിച്ചി ബാവയുടെ പ്രവർത്തന മണ്ഡലം കൂടിയായിരുന്നു. കേവലം ഒരു രൂപയ്ക്ക് ഒരു വിദ്യാലയം സർക്കാരിന് സമ്മാനിച്ച ചിത്രൻ നമ്പൂതിരി ഇന്നാട്ടിലെ സാംസ്കാരിക പ്രബുദ്ധതയുടെ ആൾരൂപമായിരുന്നു. തെക്ക് ബാലാമണിയമ്മയുടെയും മാധവിക്കുട്ടിയുടെയും പുന്നയൂർക്കുളം, വടക്ക് ഇടശ്ശേരിയുടെ പൊന്നാനി, കിഴക്ക് എം.ഡിയും അക്കിത്തവും എഴുതി പെരുപ്പിച്ച കടവല്ലൂർ, എന്നിങ്ങനെ ശക്തമായ സാംസ്കാരിക

അതിരുകൾക്കുള്ളിൽ ഭദ്രമാണ് പുതിയ പെരുമ്പടപ്പ് സ്വരൂപമെന്ന് വിശേഷിപ്പിക്കാവുന്ന നമ്മുടെ ബ്ലോക്ക്...




ഈ അതിർത്തിക്കകത്താണ് ഭാരതീയ ചിത്രകലയിലെ അതികായനായ, മദ്രാസ് ചോളമണ്ഡലത്തിന്റെ സ്ഥാപകനായ കെ.സി.എസ് പണിക്കർ ജനിച്ചത്. നിളയുടെ നടവഴികൾ അടയാളപ്പെടുത്തിയ ആലങ്കോട് ലീലാകൃഷ്ണൻ ഇന്നും ജീവിക്കുന്നത്. സിനിമയുടെ രംഗത്ത് പ്രതിഭയുടെ ചെറുനാളം ഉണർത്തി അകാലത്തിൽ അണഞ്ഞുപോയ നരണിപ്പുഴ ഷാനവാസിന്റെ നാടും ഇവിടെ തന്നെ.

തറവാടുകളുടെ ജീർണിച്ച പത്തായപുരകളോ മഹത്വവൽക്കരിക്കപ്പെടുന്ന പൂർവ്വകാല സ്മൃതികളോ അല്ല ചരിത്രം. അധ്വാനിക്കുന്നവന്റെ സമത്വം സ്വപ്നം കാണുന്നവരുടെ, വരാനിരിക്കുന്ന പരശ്ശതം തലമുറകളുടെ കയ്യിലെ പണിയായുധമാണ് ചരിത്രം അവർ ചരിത്രത്താൽ പുതിയ സമൂഹം സൃഷ്ടിക്കുന്നു. അവർ തീർക്കുന്നതാകുന്നു പുതുചരിത്രം

പെരുമ്പടപ്പ് ബ്ലോക്ക് പഞ്ചായത്ത്

പരിഷ്കരിച്ച പൗരാവകാശ രേഖ - 2024 - 25

പെരുമ്പടപ്പ് ബ്ലോക്ക് പഞ്ചായത്ത്



അദ്ധ്യായം - 1

ആമുഖം

ഇന്ത്യയിലെ ഗ്രാമീണ ജനതയെ ദാരിദ്ര്യത്തിൽ നിന്നും വികസനത്തിലേക്ക് കൈപിടിച്ചു കയറ്റാനുള്ള പരിശ്രമങ്ങളുടെ തുടക്കം ആദരണീയരായ രവീന്ദ്രനാഥ ടാഗോറിലും മഹാത്മാ ഗാന്ധിയിലുമാണ് ആരംഭിക്കുന്നത്. സ്വാതന്ത്ര്യാനന്തരം പഞ്ചവത്സര പദ്ധതികളിലൂടെ കൂടുതൽ കെട്ടുറപ്പുള്ളതും സംഘടിതവുമായ രൂപം നമ്മുടെ ഗ്രാമ വികസന പ്രവർത്തനങ്ങൾക്ക് കൈവന്നു. അതിന്റെ ഫലമാണ് ഇന്നു നാം കാണുന്ന ബ്ലോക്ക് പഞ്ചായത്ത്.

ദേശീയ തലത്തിലുള്ള നയപരിപാടികൾക്കൊപ്പം സഞ്ചരിച്ച കേരളത്തിലെ ബ്ലോക്ക് പഞ്ചായത്തുകളും ഹരിതവിപ്ലവം, ക്ഷീരോത്പാദനം, ജനസംഖ്യാ നിയന്ത്രണം, സ്വയംതൊഴിൽ സൃഷ്ടിക്കൽ എന്നീ മേഖലകളിൽ പുരോഗതി കൈവരിക്കുന്നതിൽ ഗണ്യമായ പങ്ക് നിർവ്വഹിച്ചിട്ടുണ്ട്. എന്നാൽ കേരളത്തിലെ ആദ്യ മുഖ്യമന്ത്രി ആയിരുന്ന സ: ഇ.എം.സ് 1995 ൽ കൃത്യമായ പ്രത്യയശാസ്ത്ര അടിത്തറയിൽ നിന്നും കെട്ടിപടുത്ത ജനകീയാസൂത്രണ പ്രസ്ഥാനം,ജനകീയ പങ്കാളിത്തത്തോടെയുള്ള വികേന്ദ്രീകൃതാസൂത്രണം തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിൽ വിപ്ലവാത്മകമായ മാറ്റങ്ങൾ കൊണ്ടുവന്നു. ജനകീയ പങ്കാളിത്തത്തോടുകൂടി താഴെ തട്ടിൽ നിന്നുള്ള നിർദേശങ്ങളും പദ്ധതികളും രൂപം കൊള്ളുകയും ജനങ്ങൾ സ്വയം നിർണ്ണയിക്കുന്ന വികസന പ്രവർത്തനങ്ങളുടെ ചാലക ശക്തിയായി ത്രിതല പഞ്ചായത്ത് സംവിധാനം വളരുകയും ചെയ്തു.

കേവലം കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നിർവ്വഹണ ഏജൻസിമാത്രമായിരുന്ന ബ്ലോക്ക് പഞ്ചായത്തിന് സ്വതന്ത്രമായ അസ്ഥിത്വം കൈവരുന്നത് ജനകീയാസൂത്രണ പ്രസ്ഥാനത്തിലൂടെയാണ്. കേന്ദ്രാവിഷ്കൃത പദ്ധതികൾ ദുർബ്ബലമായി വരുന്ന വർത്തമാന കാലത്തും ഗ്രാമീണതലത്തിൽ പ്രവർത്തിക്കുന്ന വിവിധ സർക്കാർ വകുപ്പുകളുടെ ഏകോപനവും ആസൂത്രണവും നടത്തുന്ന സ്ഥാപനം എന്ന നിലയ്ക്ക് ബ്ലോക്ക് പഞ്ചായത്തുകൾ ശക്തിയാർജ്ജിച്ചിട്ടുണ്ട്.

ഇന്ത്യയിൽ മറ്റെങ്ങുമില്ലാത്തവിധം നമ്മുടെ സർക്കാർ സ്ഥാപനങ്ങൾക്ക് പൊതുജനങ്ങളുടെ വിശ്വാസ്യത നേടിയെടുക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇക്കഴിഞ്ഞ കോവിഡ് കാലത്ത് കേരളത്തിന്റെ പ്രതിരോധ പ്രവർത്തനങ്ങൾ ഫലപ്രദമാക്കിയ സുപ്രധാന ഘടകങ്ങളിലൊന്ന് ഇതുതന്നെയായിരുന്നു. ഇവിടെ ബ്ലോക്ക് പഞ്ചായത്തും പൊതുജനവും ഒരൊറ്റ മനസ്സോടെ കൈകോർത്ത് പ്രവർത്തിക്കുന്നു. വിവിധ സർക്കാർ വകുപ്പുകളുടെ ഏകോപനത്തിൽ സാധ്യമാക്കാനും ബഹുജനക്ഷേമത്തിനായുള്ള പ്രതിരോധ നിരയായി സുഗമമായി പ്രവർത്തിക്കാനും നമ്മുടെ ബ്ലോക്ക് പഞ്ചായത്തുൾപ്പടെയുള്ള പൊതുഭരണ സംവിധാനത്തിന് കഴിഞ്ഞിട്ടുണ്ട്.

1969 ൽ മലപ്പുറം ജില്ല നിലവിൽ വരുന്നതോടെയാണ് പെരുമ്പടപ്പ് ബ്ലോക്കും നിലവിൽ വരുന്നതിനുള്ള അവസരം ഒരുങ്ങുന്നത്. അതുവരെയും ഇവിടെ ഉണ്ടായിരുന്നത് അണ്ടത്തോട് ബ്ലോക്കായിരുന്നു. അണ്ടത്തോട് എന്ന പ്രദേശം ഇപ്പോൾ തൃശ്ശൂർ ജില്ലയുടെ ഭാഗമാണ്.

ആലങ്കോട്,നന്നംമുക്ക്,മാറഞ്ചേരി, പെരുമ്പടപ്പ്,വെളിയങ്കോട് പഞ്ചായത്തുകൾ ഉൾപ്പെടുന്ന പെരുമ്പടപ്പ് ബ്ലോക്ക് പഞ്ചായത്തിന് 90.59 ച.കി.മീ വിസ്തൃതിയുണ്ട്. 146437 ആണ് 2011 ലെ സെൻസസ് പ്രകാരം ഇവിടുത്തെ ജനസംഖ്യ. പതിമൂന്ന് ഡിവിഷനുകളുള്ള ബ്ലോക്കിന്റെ അതിരുകൾ

വടക്കുഭാഗത്ത് ബീയ്യം കായൽ, കുണ്ടുകടവ് പുഴ, പൊന്നാനി, തൃത്താല ബ്ലോക്കുകളും കിഴക്കു ഭാഗത്ത് പാലക്കാട് ജില്ലയിലെ തൃത്താല,തൃശ്ശൂർ ജില്ലയിലെ ചൊവ്വന്നൂർ ബ്ലോക്കുകളും തെക്കു ഭാഗത്ത് ചൊവ്വന്നൂർ, ചാവക്കാട് ബ്ലോക്കുകളും പടിഞ്ഞാറു ഭാഗത്ത് അറബിക്കടലുമാണ്.

ബ്ലാക്ക് പഞ്ചായത്തിന്റെ കിഴക്കൻ മേഖലയിൽ പശിമരാശിയുള്ള ചുവന്നമൺപ്രദേശവും പടിഞ്ഞാറൻ മേഖല മണൽപ്രദേശവുമാണ്. നീർമറി പ്രദേശങ്ങൾ,കായൽ,കടൽതീരം എല്ലാം ചേരുന്ന ജൈവിവധ്യം കൊണ്ട് സമ്പുഷ്ടമായ ഭൂപ്രകൃതിയാണ് നമ്മുടേത്.

'കോളടിച്ചു' എന്ന് പറയുമ്പോൾ വമ്പൻ നേട്ടം കരസ്ഥമാക്കി എന്നാണ് അർത്ഥമാക്കുന്നത്. ഇതേ വാക്കിൽ നിന്നുമാണ് കോൾ നിലങ്ങൾ എന്ന പ്രയോഗം ഉണ്ടാകുന്നത്. നമ്മുടെ ബ്ലോക്കിന്റെ വമ്പൻ



നേട്ടങ്ങളിൽ ഒന്നാണ് ഇവിടുത്തെ വിസ്തൃതമായ കോൾ നിലങ്ങൾ. കടൽ നിരപ്പിൽ നിന്നും താഴെയുള്ളതും തൃശ്ശൂർ, മലപ്പുറം ജില്ലകളിലായി പരന്നുകിടക്കുന്ന കോൾനിലങ്ങൾ നമ്മുടെ കാർഷിക സമൃദ്ധിയുടെ വിളനിലങ്ങൾ ആണ്. വലിയ തോതിൽ നെല്ലുൽപാദനം നടക്കുന്ന ഇവിടം അപൂർവ്വ സസ്യജന്തു വൈവിധ്യത്തിനും പേരുകേട്ട ഭൂപകൃതിയാണ്. ഏറ്റവും കൂടുതൽ ദേശാടന പക്ഷികൾ എത്തിചേരുന്നതിൽ ഇന്ത്യയിലെ തന്നെ മൂന്നാമത്തെ സ്ഥലമാണ് നമ്മുടെ കോൾപാടം. കേരളത്തിലെ തന്നെ ഏറ്റവും വലിയ നീർത്തടമാണ് കാഞ്ഞിരമുക്ക് നീർത്തടം.

വിവിധ കാലങ്ങളെയും ഇടങ്ങളെയും ബന്ധിപ്പിക്കുന്ന കനോലി കനാൽ സാമ്പത്തിക-സാംസ്കാരിക ഊർജവാഹികളായ സിരകൾ പോലെ നീണ്ടു കിടക്കുന്നു. വിദ്യാഭ്യാസരംഗവും സേവനമേഖലയും മറ്റെങ്ങുമില്ലാത്തവിധം പുരോഗതി കൈവരിച്ചിട്ടുണ്ട്. മനുഷ്യ ജീവിതം ഏറെ മെച്ചപ്പെട്ടിട്ടുണ്ട്.

എന്നാൽ പുതിയകാലത്ത് ദാരിദ്ര്യ ലഘൂകരണ രംഗത്ത് പുതിയ വെല്ലുവിളികളാണ് നമ്മെ കാത്തിരിക്കുന്നത്. പ്രളയം തകർത്തുകളഞ്ഞ കേരളത്തിന്റെ പ്രകൃതിവിഭവങ്ങളെയും പശ്ചാത്തല മേഖലയെയും കാർഷിക മേഖലയെയും പുനരുജ്ജീവിപ്പിക്കേണ്ടതുണ്ട്. മഹാമാരിയിൽ വരുമാനം നഷ്ടമായ ആയിരക്കണക്കിന് കുടുംബങ്ങളെ ദാരിദ്ര്യത്തിലേക്ക് കൂപ്പുകുത്താതെ താങ്ങേണ്ടതുണ്ട്. ആഗോളകാലാവസ്ഥാവ്യതിയാത്തിന്റെ ഭാഗമായി അനുദിനം കടലെടുത്തു പോകുന്ന തീരപ്രദേശത്തെയും അവിടുത്തെ ജനതയേയും സംരക്ഷിക്കേണ്ടതുണ്ട്. പാർപ്പിടങ്ങളില്ലാത്തവർ, ദളിതർ, ദുർബല ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ടവർ, ശാരീരികവും മാനസികവുമായി സമൂഹത്തിൽ ഒറ്റപ്പെട്ടു പോകുന്നവർ എന്നിങ്ങനെ അരികുവൽക്കരിക്കപ്പെടുന്ന അനേകായിരങ്ങളുടെ ചെറിയ സ്വപ്നങ്ങൾ കെടാതെ കാക്കേണ്ടതുണ്ട്. വിശ്രമ വേളകളില്ലാത്ത അവിരാമമായ പരിശ്രമമാണ് വികസനത്തിന്റെ ആധാരമെന്ന് ബ്ലോക്ക്പഞ്ചായത്ത് തിരിച്ചറിയുന്നുണ്ട്.

ആ തിരിച്ചറിവിൽ നിന്നുകൊണ്ട് അധികാര വികേന്ദ്രീകരണവും പ്രാദേശികാസൂത്രണവും കൂടുതൽ കാര്യക്ഷമമായും സുതാര്യമായും മുന്നോട്ടു കൊണ്ടുപോവുക എന്നതാവണം നമ്മുടെ ലക്ഷ്യം.

1. പൊതു വിവരങ്ങൾ

വിസ്തൃതി – 90.59 ച.കി.മീ.

അതിരുകൾ

പടിഞ്ഞാറ് – അറബിക്കടൽ
കിഴക്ക് – ചാലിശ്ശേരി പഞ്ചായത്ത്
വടക്ക് – പൊന്നാനി ബ്ലോക്ക്
തെക്ക് – പുന്നയൂർകുളം പഞ്ചായത്ത്

ജനസംഖ്യ – 146437(2011 സെൻസസ് പ്രകാരം)
സ്ത്രീകൾ – 77253
പുരുഷന്മാർ – 69184

ജനസാന്ദ്രത – 1616/ച.കി.മീ.
ആസ്ഥാനം – പെരുമ്പടപ്പ്
താലൂക്ക് – പൊന്നാനി
സംസ്ഥാനം – കേരളം
നിയസഭാ നിയോജക മണ്ഡലം – പൊന്നാനി
പാർലമെന്റ് നിയോജക മണ്ഡലം – പൊന്നാനി

2. ബ്ലോക്ക് ഡിവിഷനുകൾ

1.പുറങ്ങ്
2.പനമ്പാട്
3.ആലംകോട്
4.കോക്കൂർ
5.പള്ളിക്കര
6.മൂക്കുതല
7.ചങ്ങരംകുളം
8.പെരുമ്പടപ്പ്
9.അയിരൂർ
10.പാലപ്പെട്ടി
11.വെളിയംകോട്
12.മാറഞ്ചേരി
13.എരമംഗലം

3. ഗ്രാമ പഞ്ചായത്തുകൾ

1. ആലംകോട്
2. മാറഞ്ചേരി
3. നന്നംമുക്ക്
4. പെരുമ്പടപ്പ്
5. വെളിയംകോട്

4. ജില്ലാ പഞ്ചായത്ത് അംഗങ്ങൾ

ശ്രീമതി. ആരിഫ നാസർ - ചങ്ങരംകുളം ഡിവിഷൻ

ശ്രീ.എ.കെ. സുബൈർ - മാറഞ്ചേരി ഡിവിഷൻ

5. പാർലമെന്റ് അംഗം

ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ

6. നിയമസഭാ സാമാജികൻ

ശ്രീ.പി.നന്ദകുമാർ

7. ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങൾ

ക്രമ നമ്പർ	ബ്ലോക്ക് ഡിവിഷൻ	ഡിവിഷനൻ മെമ്പർ	ഫോൺ നമ്പർ
1	പുറങ്ങ്	കെ സി ഷിഹാബ്	9048223455
2	പനമ്പാട്	അഡ്വ. ഇ സിന്ധു	8075332188
3	ആലംങ്കോട്	ടി രാമദാസ് മാസ്റ്റർ	9446840859
4	കോക്കൂർ	റീസ പ്രകാശ്	9744624426
5	പളളിക്കര	ജമീല മനാഫ്	9895712543
6	മൂക്കുതല	ആശാലത	9946124535
7	ചങ്ങരംകുളം	കരുണാകരൻ വി വി	9744268614
8	പെരുമ്പടപ്പ്	പി റംഷാദ്	9946239645
9	അയിരൂർ	സൌദാമിനി	9946240427
10	പാലപ്പെട്ടി	റംഷീന ആലുങ്കൽ	7025131953
11	വെളിയംങ്കോട്	താജുന്നിസ	9946864151
12	മാറഞ്ചേരി	നൂറുദ്ധീൻ പോഴത്ത്	8136912913
13	എരമംഗലം	അജയൻ പുത്തൻപുരക്കൽ	9895697659

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

ഇന്ത്യാ മഹാരാജ്യത്തിലെ വിവിധ ബ്ലോക്കുകൾക്കൊപ്പം 2008 ഏപ്രിൽ 1 മുതൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പെരുമ്പടപ്പ് ബ്ലോക്കിലും നടപ്പിലാക്കി തുടങ്ങി. ഇന്ത്യൻ പാർലമെന്റ് പാസാക്കിയ തൊഴിലുറപ്പ് നിയമത്തിന്റെ പിൻബലത്തോടെ നടപ്പിലാക്കി വരുന്ന ഈ പദ്ധതി പെരുമ്പടപ്പ് ബ്ലോക്കിൽ 8 വർഷം പിന്നിടുകയാണ്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നീയമം 2005 ന്റെ വകുപ്പ് 29 ഉപവകുപ്പ് (1) ൽ അനുശാസിക്കുന്ന പ്രകാരം കേന്ദ്ര സർക്കാർ നിയമത്തിന്റെ പട്ടിക 1 ഉം പട്ടിക 2 ഉം, അനിവാര്യതയും പ്രായോഗിക സൗകര്യവും പരിഗണിച്ച് 2014 ജനുവരി മാസം 3-ാം തീയ്യതി മുതൽ ഭേദഗതി ചെയ്യുകയുണ്ടങ്ങായി. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, ഗ്രാമപ്രദേശങ്ങളിൽ സ്ത്രീ ശാക്തീകരണത്തിന്റെ മുഖ്യധാര പ്രവർത്തനമായി മാറി കഴിഞ്ഞു എന്നുള്ളത് പദ്ധതിയുടെ സവിശേഷതയായി കാണുവാൻ സാധിക്കും. പെരുമ്പടപ്പ് ബ്ലോക്കിൽ തൊഴിലിനായി മുന്നോട്ട് വന്നതിൽ 96% ത്തിൽ അധികവും സ്ത്രീകളായിരുന്നു. സമൂഹത്തിൽ മുഖ്യധാരയിൽ നിന്ന് ഒഴിവാക്കപ്പെട്ട സ്ത്രീകൾ പോലും പദ്ധതിയിൻ കീഴിൽ തൊഴിലെടുക്കുന്നതിന് തയ്യാറായി മുന്നോട്ട് വന്നു എന്നുള്ളത് ശ്രദ്ധേയമാണ്. 201617 വർഷത്തിൽ പെരുമ്പടപ്പ് ബ്ലോക്കിലെ എല്ലാ ഗ്രാമപഞ്ചാത്തുകളിലും കൂടി 957 പ്രവൃത്തികൾ ഏറ്റെടുത്തിട്ടുണ്ട്. 3778 കുടുംബങ്ങളിലെ തൊഴിലാളികൾക്കായി 188549 ദിവസത്തെ തൊഴിൽ നൽകിയിട്ടുണ്ടങ്ങ്. അവിദഗ്ധ തൊഴിലാളികളുടെ വേതനം, വിദഗ്ധ/അർദ്ധവിദഗ്ധ തൊഴിലാളികളുടെ വേതനം, സാധനഘടകം, ഭരണചെലവുകൾ എന്നിവ ഉൾപ്പെടെ 819.34 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ടങ്ങ്. വിവിധ ഗ്രാമപഞ്ചായത്തുകളിലായി 247 കുടുംബങ്ങൾ 100 ദിവസം തൊഴിൽ പൂർത്തിയാക്കി.

2005 സെപ്റ്റംബർ 5 ന് ഇന്ത്യൻ പാർലമെന്റ് പാസാക്കിയ നിയമത്തിന്റെ പിൻബലത്തോടെ നടപ്പിലാക്കി തുടങ്ങിയ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി തുടക്കത്തിൽ തൊഴിൽ നൽകുന്നതിനാണ് പ്രാധാന്യം നൽകിയിരുന്നതെങ്കിലും നിയമത്തിന്റെ ഭേദഗതിയിലൂടെ തൊഴിൽ നൽകുന്നതിനോടൊപ്പം തന്നെ സുസ്ഥിരവും സുദീർഘവുമായ ആസ്തികളുടെ നിർമ്മാണവും കൂടി ലക്ഷ്യമിടുന്നു. കാർഷിക മേഖലയുടെ സമഗ്രവികസനവും പ്രകൃതിവിഭാഗങ്ങളുടെ സംരക്ഷണവും സമൂഹത്തിലെ ദുർബലജനവിഭാഗങ്ങളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുള്ള പ്രവൃത്തികളും ഗ്രാമപഞ്ചായത്തുകളുടെ അടിസ്ഥാന സൗകര്യങ്ങളുടെ വികസനം സാധ്യമാക്കുന്ന പ്രവൃത്തികളും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുക്കേണ്ടങ്ങതായിട്ടുണ്ടങ്ങ്. ഇതിന്റെ ഭാഗമായി പെരുമ്പടപ്പ് ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിൽ 17 കുളങ്ങളുടെ നിർമ്മാണവും 79 കിണറുകളുടെ നിർമ്മാണവും 84 റോഡ് സൈഡ് വൃക്ഷത്തൈ നടീൽ പ്രവൃത്തികളും നടത്തി. കൂടാതെ പ്രകൃതിയുടെ വരദാനമായ മഴവെള്ളത്തെ പരമാവധി നമ്മുടെ ഭൂമിയിൽ തന്നെ നിലനിർത്തുവാൻ സഹായിക്കുന്ന കിണർ റീചാർജിംഗ് പോലെയുള്ള പദ്ധതികളും ഗ്രാമപഞ്ചായത്തുകളിൽ വ്യാപകമായി ഏറ്റെടുക്കുന്നുണ്ട്. നമുക്കും നമ്മുടെ ഭാവി തലമുറയ്ക്കും ഈ ഭൂമിയിൽ ജീവിക്കുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കേണ്ടങ്ങത് നമ്മുടെ ഓരോരുത്തരുടേയും കടമയാണ്. ആയതിലേക്കായി ഈ മഹത്തായ പദ്ധതിയെ പരമാവധി പ്രയോജനപ്പെടുത്തേണ്ടങ്ങതായിട്ടുണ്ടങ്ങ്.പട്ടികജാതി പെൺകുട്ടികൾക്കു

ള്ള പ്രിമെട്രിക് ഹോസ്റ്റൽ, മൂക്കുതല പെരുമ്പടപ്പ് ബ്ലോക്ക് പഞ്ചായത്തിന്റെ അധീനതയിൽ നന്നംമുക്ക് ഗ്രാമപഞ്ചായത്തിൽ പട്ടിക ജാതി പെൺകുട്ടികൾക്കായി പ്രീമെട്രിക് ഹോസ്റ്റൽ പ്രവർത്തിച്ചു വരുന്നു. നിലവിൽ 30 ൽ പരം കുട്ടികൾ അത്യാധുനിക സൗകര്യങ്ങളോടു കൂടിയ ടി ഹോസ്റ്റലിൽ അധിവസിക്കുന്നുണ്ട്. ടി സ്ഥാപനത്തിലെ ദൈനംദിന പ്രവർത്തനങ്ങൾ എസ്.സി.ഡി.ഒ യുടെ നിയന്ത്രണത്തിലാണ് നടന്നുകൊണ്ടിരിക്കുന്നത്. കൂടാതെ എല്ലാ വിധ സഹായവും പിന്തുണയും ടി സ്ഥാപനത്തിന് ബ്ലോക്ക് പഞ്ചായത്ത് നൽകി വരുന്നു. കൂടാതെ ടി സ്ഥാപനത്തിലെ വിദ്യാർത്ഥികൾക്ക് പാഠ്യവിഷയങ്ങളിൽ പ്രത്യേക പരിശീലനം നൽകുന്നതിന് ഹോസ്റ്റൽ തലത്തിൽ ഫാക്കൽറ്റീസിന്റെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. വിദ്യാർത്ഥികളുടെ മാനസിക ക്ഷമത വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കൗൺസിലേഴ്സിന്റെ സേവനം ഉറപ്പാക്കിയിട്ടുണ്ട്. കൂടാതെ സേവന സന്നദ്ധരായ ഒരു കൂട്ടം ജീവനക്കാരുടെ മേൽനോട്ടത്തിൽ വിദ്യാർത്ഥിനികൾക്ക് മികച്ച പരിചരണം ലഭ്യമാക്കുന്നതിന് ബ്ലോക്ക് പഞ്ചായത്ത് പ്രത്യേകം ശ്രദ്ധ ചെലുത്തിയിട്ടുണ്ട്.

സ്പെക്ട്രം സ്പെഷ്യൽ സ്കൂൾ

പ്രത്യേക പരിഗണന അർഹിക്കുന്നതും എന്നാൽ വേണ്ടത്ര പരിചരണം ലഭിക്കാത്തതുമായ വിദ്യാർത്ഥികളെ പരിചരിക്കുക എന്ന ലക്ഷ്യത്തോടെ പെരുമ്പടപ്പ് ബ്ലോക്ക് പഞ്ചായത്ത് കേരളചരിത്രത്തിൽ ആദ്യമായി 2004 ൽ സ്പെക്ട്രം സ്പെഷ്യൽ സ്കൂൾ പ്രവർത്തനമാരംഭിച്ചു. ഈ മഹത്തായ സേവന സംരഭത്തിന് തുടക്കം കുറിച്ചത് പൊതുപ്രവർത്തന രംഗത്ത് വ്യക്തിമുദ്ര പതിപ്പിച്ച ശ്രീ.ഇ.ജി.നരേന്ദ്രൻ അവർകളുടേയും, ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടേയും, ഇന്നത്തെ തൃശ്ശൂർ ജില്ലാ എം.ജി.എൻ.ആർ.ഇ.ജി.എസ് ജെ.പി.എൽ യും മുൻ പെരുമ്പടപ്പ് ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസറുമായ ശ്രീ.പി.സി.ബാലഗോപാലും മുൻ സി.ഡി.പി.ഒ ആയ ശ്രീമതി.രുക്മിണിയും ഉൾപ്പടെ സേവന രംഗത്തെ ഉദാരമതികളായ ഒരു കൂട്ടം സുമനസുകളും ചേർന്നാണ്. സ്ഥാപനത്തിന്റെ എളിയ തുടക്കം മുതൽ നാളിതുവരെയുള്ള പുരോഗതിക്ക് ആധാരശില ബ്ലോക്ക് പഞ്ചായത്തിന്റെ കൂട്ടായ പരിശ്രമം ഒന്നു മാത്രമാണ്. ആയതിന് മാറി മാറി വന്ന ഭരണസമിതികളുടെ അകമഴിഞ്ഞ പിന്തുണയും ക്രിയാത്മകമായ ഇടപെടലുകളും സഹായകമായിട്ടുണ്ട്. ശബ്ദമില്ലാത്തവരുടെ ശബ്ദമായി പെരുമ്പടപ്പ് ബ്ലോക്ക് പഞ്ചായത്തിന് മാറാൻ കഴിഞ്ഞിട്ടുണ്ട് എന്നത് ഏറെ സന്തോഷകരമാണ്. പദ്ധതി നിർവ്വഹണ ഘട്ടത്തിൽ സാമൂഹിക പ്രതിബദ്ധതയോടെയുള്ള കാഴ്ചപ്പാടാണ് ഇത്തരം പദ്ധതി രൂപീകരണത്തിന് നിദാനം.

മാറഞ്ചേരി ഗ്രാമപഞ്ചായത്തിന്റേയും മലപ്പുറം ജില്ലാ പഞ്ചായത്തിന്റേയും അകമഴിഞ്ഞ സഹായ സഹകരണങ്ങൾ നാളിതുവരെ ലഭ്യമായിട്ടുള്ളത് സ്ഥാപനത്തിന്റെ വളർച്ചക്ക് അനുഗുണമായിട്ടുണ്ട്.
നിലവിൽ പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗത്തിൽപെട്ട 70 കുട്ടികളും അവരെ പരിചരിക്കുന്നതിന് സേവനസന്നദ്ധരായ 11 അദ്ധ്യാപക അനദ്ധ്യാപക ജീവനക്കാരും പ്രവർത്തിക്കുന്നു. സ്പെക്ട്രം സ്പെഷ്യൽ സ്കൂളിലെ കുട്ടികളുടെ യാത്രാ സൗകര്യത്തിനായി സ്കൂളിന് സ്വന്തമായി രണ്ട് വാഹനങ്ങൾ ഉണ്ട്. ഏകദേശം 20 ലക്ഷത്തോളം രൂപ ടി സ്കൂളിന്റെ പ്രവർത്തനത്തിനായി പെരുമ്പടപ്പ് ബ്ലോക്ക് പഞ്ചായത്ത് വകയിരുത്തി ചെലവാക്കുന്നുണ്ട്.

ബ്ലോക്ക് പഞ്ചായത്ത് സാരഥികൾ

പ്രസിഡന്റ്



ശ്രീമതി. അഡ്വ. ഇ. സിന്ധു

വൈസ് പ്രസിഡന്റ്



ശ്രീമതി. സൗദാമിനി

ചെയർപേഴ്സൺ
വികസന കാര്യസ്റ്റാന്റിംഗ് കമ്മറ്റി



കുമാരി. റംഷീന ആലുങ്കൽ

ചെയർമാൻ,
ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റി



ശ്രീ. രാമദാസ് മാസ്റ്റർ

ചെയർപേഴ്സൺ
ആരോഗ്യ, വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റി



ശ്രീമതി. താജുന്നിസ

ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങൾ



ശ്രീ. കെ. സി. ഷിഹാബ് (D-1)



ശ്രീമതി. റീസ പ്രകാശ് (D-4)



ശ്രീമതി. ജമീലമനാഫ്(D-5)



ശ്രീമതി. ആശാലത (D-6)



ശ്രീ. കരുണാകരൻ. വി. വി(D-7)



ശ്രീ. പി. റംഷാദ് (D-8)



ശീ. നൂറുദ്ധീൻ പോഴത്ത് (D-12)



ശ്രീ. അജയൻ പുത്തൻപുരക്കൽ(D-13)

ലോകസഭാംഗം



ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ

ബഹു.എം.പി, ലോകസഭ

നിയമസഭാംഗം



ശ്രീ. പി. നന്ദകുമാർ

ബഹു. എം.എൽ.എ, കേരള നിയമസഭ

ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ



ശ്രീ. കെ. വി. ഷഹീർ

ആലംകോട് ഗ്രാമപഞ്ചായത്ത്



ശ്രീമതി. ബീനടീച്ചർ

മാറഞ്ചേരി ഗ്രാമപഞ്ചായത്ത്



ശ്രീമതി. മിസ്രിയ സൈഫുദ്ധീൻ

നന്നംമുക്ക് ഗ്രാമപഞ്ചായത്ത്



ശ്രീമതി. ബിനിഷ മുസ്തഫ

പെരുമ്പടപ്പ് ഗ്രാമപഞ്ചായത്ത്



ശ്രീ. ഷംസു കല്ലാട്ടേൽ

വെളിയംകോട് ഗ്രാമപഞ്ചായത്ത്

ബഹു : പ്രസിഡന്റ്, ജില്ലാപഞ്ചായത്ത്



ശ്രീമതി. എം.കെ റഫീഖ

ജില്ലാ പഞ്ചായത്ത് മെമ്പർമാർ



ശ്രീമതി. ആരിഫ നാസർ
ചങ്ങരംകുളം ഡിവിഷൻ



ശ്രീ. എ. കെ. സുബൈർ
മാറഞ്ചേരി ഡിവിഷൻ



ശ്രീ. പി. വിജയൻ
ആസൂത്രണ സമിതി ഉപാദ്ധ്യക്ഷൻ

ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതി ഒറ്റനോട്ടത്തിൽ

1995 - 2000

1.	ഹഫ്സ മമ്മിക്കുട്ടി	-	പ്രസിഡന്റ്
2.	ലക്ഷ്മികുമാരി	-	വൈസ് പ്രസിഡന്റ്
3.	പി.വി.ബീരാൻകുട്ടി	-	സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ
4.	കെ.പി.നാരായണൻ	-	സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ
5.	ഫാത്തിമ	-	മെമ്പർ
6.	എ.മൊയ്തു	-	മെമ്പർ
7.	ഇ.പി.ഏനു	-	മെമ്പർ
8.	കെ.വേലായുധൻ	-	മെമ്പർ
9.	അക്ബർ ഹാജി	-	മെമ്പർ

2000 - 2005

1.	ഇ.ജി.നരേന്ദ്രൻ	-	പ്രസിഡന്റ്
2.	പി.വേണുഗോപാൽ	-	വൈസ്.പ്രസിഡന്റ്
3.	കെ.മുരളീധരൻ	-	സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ
4.	സി.എ.കുഞ്ഞിമോൻ	-	സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ
5.	കദീജ മൂത്തേടത്ത്	-	മെമ്പർ
6.	കെ.പി.ചന്ദ്രൻ	-	മെമ്പർ
7.	ഫാത്തിമ അഹമ്മദ്	-	മെമ്പർ
8.	അംബിക ടീച്ചർ	-	മെമ്പർ
9.	നസീമ ഏനു	-	മെമ്പർ
10.	എം.രാജൻ	-	മെമ്പർ

2005 - 2010

1.	ഇ.ജി.നരേന്ദ്രൻ	-	പ്രസിഡന്റ്
2.	പി.കെ.കൃഷ്ണദാസ്	-	വൈസ്.പ്രസിഡന്റ്
3.	പി.വി.ഹസ്സനാർ	-	സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ
4.	കെ.വി.ബിജി	-	സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ
5.	കദീജ മൂത്തേടത്ത്	-	മെമ്പർ
6.	ഷിജു പ്രേമദാസ്	-	മെമ്പർ
7.	കെ.വി.അഹമ്മദ്	-	മെമ്പർ
8.	പി.പി.യൂസഫലി	-	മെമ്പർ
9.	വി.വി.രജനി	-	മെമ്പർ

10.	സി.പി.മമ്മിക്കുട്ടി മാസ്റ്റർ	-	മെമ്പർ
11.	പി.രത്നാവതി	-	മെമ്പർ
12.	കെ.ഗോവിന്ദൻ	-	മെമ്പർ

2010 - 2015

1.	സഫിയ മുഹമ്മദ്കുട്ടി	-	പ്രസിഡന്റ്
2.	ടി.കെ.അബ്ദുൾ റഷീദ്	-	വൈസ്.പ്രസിഡന്റ്
3.	ഫസീല.ടി.എ	-	സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ
4.	മുഹമ്മദ് നവാസ്	-	സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ
5.	ഷാദിയ ഫറൂഖി	-	സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ
6.	എം.വി.രവീന്ദ്രൻ	-	മെമ്പർ
7.	പ്രജി സുനിൽ	-	മെമ്പർ
8.	അലിമോൻ നരണിപ്പുഴ	-	മെമ്പർ
9.	ലൈല സൈനുദ്ധീൻ	-	മെമ്പർ
10.	റുഖിയ	-	മെമ്പർ
11.	ഷാജിറ മനാഫ്	-	മെമ്പർ
12.	എ.പി.വാസു	-	മെമ്പർ
13.	സുരേഷ് കാക്കനാത്ത്	-	മെമ്പർ

2015 - 2020

1.	പി.എം.ആറ്റുണ്ണിതങ്ങൾ	-	പ്രസിഡന്റ്
2.	സുബൈദ	-	വൈസ്.പ്രസിഡന്റ്
3.	ഇ.വി.അബ്ദുട്ടി	-	സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ
4.	ശോഭന.കെ	-	സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ
5.	അനിതദിനേശൻ	-	സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ
6.	എം.വിജയൻ	-	മെമ്പർ
7.	ബാലൻ	-	മെമ്പർ
8.	പുഷ്പ കൈപ്പട	-	മെമ്പർ
9.	കദീജ മൂത്തേടത്ത്	-	മെമ്പർ
10.	ജമീല മുഹമ്മദ്	-	മെമ്പർ
11.	ശശിധരൻ എം.പി	-	മെമ്പർ
12.	സുശീല സുബ്രഹ്മണ്യൻ	-	മെമ്പർ
13.	അസീസ് കൊടികുത്തി	-	മെമ്പർ

പെരുമ്പടപ്പ് ബ്ലോക്ക് പഞ്ചായത്ത്

പരിഷ്കരിച്ച പൗരാവകാശ രേഖ - 2024- 25

പെരുമ്പടപ്പ് ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് വിന്യാസം

ബ്ലോക്ക് പഞ്ചായത്തിന് കൈമാറിയിട്ടുള്ള സ്ഥാപനങ്ങൾ

പെരുമ്പടപ്പ് ബ്ലോക്ക് പഞ്ചായത്തിന് കേരള പഞ്ചായത്ത് ആക്ട് അനുസരിച്ച് 8 സ്ഥാനപങ്ങൾ കൈമാറിയിട്ടുണ്ട്.

1. ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസ്
2. കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ ഓഫീസ്
3. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസ്, എൽ.എസ്ജി.ഡി. സബ് ഡിവിഷൻ
4. പട്ടികജാതി വികസന ഓഫീസ്
5. സംയോജിത ശിശു വികസന ഓഫീസ്, പെരുമ്പടപ്പ്
6. ക്ഷീര വികസന ഓഫീസ്
7. വ്യവസായ വികസന ഓഫീസ്
8. കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, മാറഞ്ചേരി

ബ്ലോക്ക് പഞ്ചായത്തിന്റെ അധികാര പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും പൊതു ജനങ്ങൾക്ക് ആവശ്യമായ സേവനങ്ങൾ കാലതാമസം കൂടാതെ ലഭ്യമാക്കുന്നതിന് ബ്ലോക്ക് പഞ്ചായത്ത് പ്രത്യേകം ശ്രദ്ധ ചെലുത്തുന്നുണ്ട്. ബ്ലോക്ക് പഞ്ചായത്തിന് കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിൽ ക്ഷേമ സ്ഥാപനങ്ങളും മാറഞ്ചേരി സി.എച്ച്.സി. യും ഉൾപ്പെടുന്നു. മാറഞ്ചേരി സി.എച്ച്.സി. യിൽ പ്രതിദിനം 100 കണക്കിന് രോഗികളാണ് ചികിത്സക്കായി എത്തുന്നത്. ജീവനക്കാരുടെ ഒഴിവും സ്റ്റാഫ് പാറ്റേൺ കാലാനുസൃതമായി മാറ്റാത്തതും സ്ഥാപനങ്ങളുടെ സുഗമമായ പ്രവർത്തനത്തെ ബാധിക്കുന്നുണ്ടെങ്കിലും ജീവനക്കാരുടെ ആത്മാർത്ഥമായ പരിശ്രമം ഇത് നികത്തുന്നതിന് ഏറെ സഹായിക്കുന്നുണ്ട്.

സേവനം ജനങ്ങളിലേക്ക് എത്തിക്കുന്നതിന് ഓഫീസുകളിലെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തേണ്ടതുണ്ട്. ഇതിന്റെ ഭാഗമായി സുസജ്ജമായ ഒരു ഫ്രണ്ട് ഓഫീസ് ബ്ലോക്ക് പഞ്ചായത്തിന്റെ സേവനങ്ങൾ ജനങ്ങൾക്ക് യഥാസമയം എത്തിക്കാൻ അത്യാവശ്യമാണ്. സ്റ്റേറ്റ് സർവ്വീസ് ഡെലിവറി ഗേറ്റ് വേ പോലുള്ള സാങ്കേതിക സംവിധാനങ്ങൾ ഉണ്ടായാൽ ജനങ്ങളുടെ പരാതി ഓഫീസിൽ വരാതെ തന്നെ സ്വീകരിക്കാനും പരിഹരിക്കാനും സാധിക്കുമെന്ന് വിശ്വാസമുള്ളതിനാൽ അതിലേക്കുള്ള പ്രയത്നം നടത്താൻ ശ്രമിക്കുന്നുണ്ട്. കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിലെല്ലാം കമ്പ്യൂട്ടർ വത്കരണം ഒരു പരിധിവരെ പൂർത്തിയാക്കിയിട്ടുണ്ട്.

ബ്ലോക്ക് പഞ്ചായത്ത് ജീവനക്കാരുടെ സ്ഥിതി വിവര കണക്കുകൾ

I. ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസ് പെരുമ്പടപ്പ്

ക്രമ നം	തസ്തിക	അനുവദിക്കപ്പെട്ട തസ്തിക	നിലവിലുള്ള എണ്ണം
1	ബി.ഡി.ഒ./സെക്രട്ടറി	1	1
2	അസി.ബി.ഡി.ഒ. (ഇ.ഒ.എസ്)	1	1
3	എക്സ്റ്റൻഷൻ ഓഫീസർ പ്ലാനിംഗ് & മോണിറ്ററിംഗ്	1	1
4	എക്സ്റ്റൻഷൻ ഓഫീസർ (ഹൗസിംഗ്)	1	1
5	ജനറൽ എക്സ്റ്റൻഷൻ ഓഫീസർ	1	1
6	എക്സ്റ്റൻഷൻ ഓഫീസർ (വനിതാ മേഖല)	1	1
7	ഹെഡ് ക്ലർക്ക്	1	1
8	ഹെഡ് അക്കൗണ്ടന്റ്	1	1
9	ക്ലർക്ക് / സീനിയർ ക്ലർക്ക്	3	3
10	ടൈപ്പിസ്റ്റ്	1	1
11	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ് 1/ഗ്രേഡ് 2	10	7
12	ഡ്രൈവർ ഗ്രേഡ് 2	1	1
12	ഓഫീസ് അറ്റൻഡന്റ്	2	2
13	പി.ടി.എസ്.	1	1

മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി കരാർ ജീവനക്കാർ

1. അക്രഡിറ്റഡ് എഞ്ചിനീയർ – 1
2. അക്കൗണ്ടന്റ് കം ഡാറ്റാ എൻട്രി ഓപ്പറേറ്റർ – 1

II. കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ ഓഫീസ്

ക്രമ നം	തസ്തിക	അനുവദിക്കപ്പെട്ട തസ്തിക	നിലവിലുള്ള എണ്ണം
1	അസിസ്റ്റന്റ് ഡയറക്ടർ	1	1
2	ക്ലർക്ക് / സീനിയർ ക്ലർക്ക്	2	2

III. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ ഓഫീസ് (എൽ.എസ്.ജി.ഡി. സബ്ഡിവിഷൻ)

ക്രമ നം	തസ്തിക	അനുവദിക്കപ്പെട്ട തസ്തിക	നിലവിലുള്ള എണ്ണം
1	അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ	1	1
2	അസിസ്റ്റന്റ് എഞ്ചിനിയർ	1	1
3	ഓവർസിയർ ഗ്രേഡ്	1	1
4	സെക്കന്റ് ഗ്രേഡ് ഓവർസിയർ	1	0
5	ക്ലർക്ക്/സീനിയർ ക്ലർക്ക്	1	1
6	ഡ്രൈവർ ഗ്രേഡ് 2	1	1
7	ഓഫീസ് അറ്റന്റന്റ്	1	1
8	പി.ടി.എസ്.	1	1

IV. പട്ടികജാതി വികസന ഓഫീസ്

ക്രമ നം	തസ്തിക	അനുവദിക്കപ്പെട്ട തസ്തിക	നിലവിലുള്ള എണ്ണം
1	പട്ടികജാതി വികസന ഓഫീസർ	1	1
2	നഴ്സറി ടീച്ചർ	1	1
3	ആയ	1	1
4	എസ്.സി പ്രമോട്ടർ (താൽക്കാലികം)	5	5
5	ഹോസ്റ്റൽ വാർഡൻ	1	1
6	കുക്ക്	2	2
7	വാച്ച്മാൻ	1	1
8	പി.റ്റി.എസ്	1	1

V. സംയോജിത ശിശുവികസന ഓഫീസ്

ക്രമ നം	തസ്തിക	അനുവദിക്കപ്പെട്ട തസ്തിക	നിലവിലുള്ള എണ്ണം
1	സി.ഡി.പി.ഒ.	1	1
2	സൂപ്പർവൈസർ	6	4
3	ഹെഡ് അക്കൗണ്ടന്റ്	1	1
4	സീനിയർ ക്ലർക്ക്	1	1
5	ക്ലർക്ക്	1	1
6	ഓഫീസ് അറ്റന്റന്റ്	1	1
7	അംഗനവാടി വർക്കർമാർ	158	158
8	അംഗനവാടി ഹെൽപ്പർമാർ	158	158

VI. ക്ഷീര വികസന ഓഫീസ്

ക്രമ നം	തസ്തിക	അനുവദിക്കപ്പെട്ട തസ്തിക	നിലവിലുള്ള എണ്ണം
1	ക്ഷീര വികസന ഓഫീസർ	1	1
2	ഡയറി ഫാം ഇൻസ്ട്രക്ടർ	1	0
3	ക്ലർക്ക്	1	1
4	പി.റ്റി.എസ്	1	0

VII. വ്യവസായ വികസന ഓഫീസ്

ക്രമ നം	തസ്തിക	അനുവദിക്കപ്പെട്ട തസ്തിക	നിലവിലുള്ള എണ്ണം
1	വ്യവസായ വികസന ഓഫീസർ	1	1

VIII കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ മാറഞ്ചേരി

ക്രമ നം	തസ്തിക	അനുവദിക്കപ്പെട്ട തസ്തിക	നിലവിലുള്ള എണ്ണം
1	അസിസ്റ്റന്റ് സർജൻ	3	3
2	ക്ലർക്ക്	1	1
3	ഓഫീസ് അറ്റന്റന്റ്	1	1
4	ഹെൽത്ത് ഇൻസ്പെക്ടർ	1	1
5	ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ	4	4
6	പബ്ലിക് ഹെൽത്ത് നഴ്സ്	1	1
7	ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ്	5	4
8	ഹെഡ് നഴ്സ്	1	1
9	സ്റ്റാഫ് നഴ്സ്	3	3
10	നഴ്സിംഗ് അസിസ്റ്റന്റ്	2	2
11	ഹോസ്പിറ്റൽ അറ്റന്റർ ഗ്രേഡ് 1	2	1
12	ഹോസ്പിറ്റൽ അറ്റന്റർ ഗ്രേഡ് 2	2	2
13	ഡ്രൈവർ	1	1

X. സ്പെക്ട്രം സ്പെഷ്യൽ സ്കൂൾ മാറഞ്ചേരി

ക്രമ നം	തസ്തിക	അനുവദിക്കപ്പെട്ട തസ്തിക	നിലവിലുള്ള എണ്ണം
1	ഹെഡ്മിസ്ട്രസ്സ്	1	1
2	അദ്ധ്യാപകർ	2	2
3	ആയ	4	4
4	കുക്ക്	1	1
5	ഡ്രൈവർ	2	2
6	ഫിസിയോതെറാപ്പിസ്റ്റ്	1	1

ക്രമ നമ്പർ	ഉപയോഗിക്കുന്ന സ്ഥാപനങ്ങൾ	ആവശ്യമായ ഉപകരണങ്ങൾ	ആവശ്യമായ രേഖകൾ	ആവശ്യമായ ഫർണിച്ചർ	ആവശ്യമായ ഓഫീസ് സ്റ്റേഷനറി	ആവശ്യമായ ഓഫീസ് സ്റ്റേഷനറി	ആവശ്യമായ ഓഫീസ് സ്റ്റേഷനറി	ആവശ്യമായ ഓഫീസ് സ്റ്റേഷനറി
1	ഗ്രാമപഞ്ചായത്ത് ഓഫീസ്	ഫോട്ടോസ്റ്റാറ്റ് മെഷീൻ	ഗ്രാമപഞ്ചായത്ത് ഓഫീസിലെ ഫയലുകൾ	ഫർണിച്ചർ ഒഴിവാക്കുക	ഫർണിച്ചർ ഒഴിവാക്കുക	ഫർണിച്ചർ ഒഴിവാക്കുക	ഫർണിച്ചർ ഒഴിവാക്കുക	ഫർണിച്ചർ ഒഴിവാക്കുക
2	ഗ്രാമപഞ്ചായത്ത് ഓഫീസിലെ ഓഫീസ് ഓട്ടോമേഷൻ സംവിധാനം	കമ്പ്യൂട്ടർ, പ്രിന്റർ, സ്കാനർ, യു.പി.എസ്, ഇന്റർനെറ്റ് കണക്ഷൻ	ഗ്രാമപഞ്ചായത്തിന്റെ വിവിധ രേഖകൾ, ഫോമുകൾ, സർക്കുലറുകൾ	കമ്പ്യൂട്ടർ ടേബിൾ, കസേര, ഫയൽ കാബിനറ്റ്	കമ്പ്യൂട്ടർ പേപ്പർ, പ്രിന്റർ മഷി, ഫയലുകൾ	കമ്പ്യൂട്ടർ പേപ്പർ, പ്രിന്റർ മഷി, ഫയലുകൾ	കമ്പ്യൂട്ടർ പേപ്പർ, പ്രിന്റർ മഷി, ഫയലുകൾ	കമ്പ്യൂട്ടർ പേപ്പർ, പ്രിന്റർ മഷി, ഫയലുകൾ
3	ഗ്രാമപഞ്ചായത്ത് ഓഫീസിലെ ഓഫീസ് ഓട്ടോമേഷൻ സംവിധാനം	കമ്പ്യൂട്ടർ, പ്രിന്റർ, സ്കാനർ, യു.പി.എസ്, ഇന്റർനെറ്റ് കണക്ഷൻ	ഗ്രാമപഞ്ചായത്തിന്റെ വിവിധ രേഖകൾ, ഫോമുകൾ, സർക്കുലറുകൾ	കമ്പ്യൂട്ടർ ടേബിൾ, കസേര, ഫയൽ കാബിനറ്റ്	കമ്പ്യൂട്ടർ പേപ്പർ, പ്രിന്റർ മഷി, ഫയലുകൾ	കമ്പ്യൂട്ടർ പേപ്പർ, പ്രിന്റർ മഷി, ഫയലുകൾ	കമ്പ്യൂട്ടർ പേപ്പർ, പ്രിന്റർ മഷി, ഫയലുകൾ	കമ്പ്യൂട്ടർ പേപ്പർ, പ്രിന്റർ മഷി, ഫയലുകൾ
4	ഗ്രാമപഞ്ചായത്ത് ഓഫീസിലെ ഓഫീസ് ഓട്ടോമേഷൻ സംവിധാനം	കമ്പ്യൂട്ടർ, പ്രിന്റർ, സ്കാനർ, യു.പി.എസ്, ഇന്റർനെറ്റ് കണക്ഷൻ	ഗ്രാമപഞ്ചായത്തിന്റെ വിവിധ രേഖകൾ, ഫോമുകൾ, സർക്കുലറുകൾ	കമ്പ്യൂട്ടർ ടേബിൾ, കസേര, ഫയൽ കാബിനറ്റ്	കമ്പ്യൂട്ടർ പേപ്പർ, പ്രിന്റർ മഷി, ഫയലുകൾ	കമ്പ്യൂട്ടർ പേപ്പർ, പ്രിന്റർ മഷി, ഫയലുകൾ	കമ്പ്യൂട്ടർ പേപ്പർ, പ്രിന്റർ മഷി, ഫയലുകൾ	കമ്പ്യൂട്ടർ പേപ്പർ, പ്രിന്റർ മഷി, ഫയലുകൾ
5	ഗ്രാമപഞ്ചായത്ത് ഓഫീസിലെ ഓഫീസ് ഓട്ടോമേഷൻ സംവിധാനം	കമ്പ്യൂട്ടർ, പ്രിന്റർ, സ്കാനർ, യു.പി.എസ്, ഇന്റർനെറ്റ് കണക്ഷൻ	ഗ്രാമപഞ്ചായത്തിന്റെ വിവിധ രേഖകൾ, ഫോമുകൾ, സർക്കുലറുകൾ	കമ്പ്യൂട്ടർ ടേബിൾ, കസേര, ഫയൽ കാബിനറ്റ്	കമ്പ്യൂട്ടർ പേപ്പർ, പ്രിന്റർ മഷി, ഫയലുകൾ	കമ്പ്യൂട്ടർ പേപ്പർ, പ്രിന്റർ മഷി, ഫയലുകൾ	കമ്പ്യൂട്ടർ പേപ്പർ, പ്രിന്റർ മഷി, ഫയലുകൾ	കമ്പ്യൂട്ടർ പേപ്പർ, പ്രിന്റർ മഷി, ഫയലുകൾ
6	ഗ്രാമപഞ്ചായത്ത് ഓഫീസിലെ ഓഫീസ് ഓട്ടോമേഷൻ സംവിധാനം	കമ്പ്യൂട്ടർ, പ്രിന്റർ, സ്കാനർ, യു.പി.എസ്, ഇന്റർനെറ്റ് കണക്ഷൻ	ഗ്രാമപഞ്ചായത്തിന്റെ വിവിധ രേഖകൾ, ഫോമുകൾ, സർക്കുലറുകൾ	കമ്പ്യൂട്ടർ ടേബിൾ, കസേര, ഫയൽ കാബിനറ്റ്	കമ്പ്യൂട്ടർ പേപ്പർ, പ്രിന്റർ മഷി, ഫയലുകൾ	കമ്പ്യൂട്ടർ പേപ്പർ, പ്രിന്റർ മഷി, ഫയലുകൾ	കമ്പ്യൂട്ടർ പേപ്പർ, പ്രിന്റർ മഷി, ഫയലുകൾ	കമ്പ്യൂട്ടർ പേപ്പർ, പ്രിന്റർ മഷി, ഫയലുകൾ
7	ഗ്രാമപഞ്ചായത്ത് ഓഫീസിലെ ഓഫീസ് ഓട്ടോമേഷൻ സംവിധാനം	കമ്പ്യൂട്ടർ, പ്രിന്റർ, സ്കാനർ, യു.പി.എസ്, ഇന്റർനെറ്റ് കണക്ഷൻ	ഗ്രാമപഞ്ചായത്തിന്റെ വിവിധ രേഖകൾ, ഫോമുകൾ, സർക്കുലറുകൾ	കമ്പ്യൂട്ടർ ടേബിൾ, കസേര, ഫയൽ കാബിനറ്റ്	കമ്പ്യൂട്ടർ പേപ്പർ, പ്രിന്റർ മഷി, ഫയലുകൾ	കമ്പ്യൂട്ടർ പേപ്പർ, പ്രിന്റർ മഷി, ഫയലുകൾ	കമ്പ്യൂട്ടർ പേപ്പർ, പ്രിന്റർ മഷി, ഫയലുകൾ	കമ്പ്യൂട്ടർ പേപ്പർ, പ്രിന്റർ മഷി, ഫയലുകൾ

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ ഓഫീസ് (എൽ.എസ്.ജി.ഡി. സബ്ഡിവിഷൻ)സേവന വിവരങ്ങൾ

ക്രമ നമ്പർ	ലഭ്യമാകുന്ന സേവനങ്ങൾ
1	ബ്ലോക് പഞ്ചായത്ത് പ്രവൃത്തികളുടെ പ്രൊജക്റ്റ്,എസ്റ്റിമേറ്റ്,ബില്ല് തയ്യാറാക്കൽ,നിർവ്വഹണം,സാങ്കേതികാനുമതി (15 ലക്ഷം വരെ)
2	ഗ്രാമ പഞ്ചായത്തുകളുടെ സിവിൽ പ്രവൃത്തികളുടെ പ്രൊജക്റ്റ്,എസ്റ്റിമേറ്റ്,ബില്ല് അനുമതി നൽകൽ,സൂക്ഷ്മ പരിശോധന മുതലായവ
3	ബ്ലോക് പഞ്ചായത്തിലെ എം.എൽ.എ, എം.പി, ഫ്ലഡ് പ്രവൃത്തികളുടെ പ്രൊജക്റ്റ്, എസ്റ്റിമേറ്റ്, ബില്ല് തയ്യാറാക്കൽ, നിർവ്വഹണം, സാങ്കേതികാനുമതി മുതലായവ
4	പുതിയ സ്കൂൾ ബിൽഡിങ്ങുകൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകൽ
5	സർവ്വേ റിപ്പോർട്ട്,വാലുവേഷൻ തയ്യാറാക്കൽ,അനുമതി നൽകൽ മുതലായവ

പട്ടികജാതി വികസന ഓഫീസ് സേവന വിവരങ്ങൾ

ക്രമ നമ്പർ	ലഭ്യമാകുന്ന സേവനങ്ങൾ	അർഹത	അപേക്ഷ നൽകേ രീതി	അപേക്ഷയോടൊപ്പം വെക്കേ രേഖകൾ	സേവനം ലഭ്യമാകുന്ന സമയം	റിമാർക്സ്
1	മെഹ്സം ഗ്രാന്റ്	ഒന്നു മുതൽ പത്താം തരം വരെയുള്ള കുട്ടികൾക്ക്	സ്കൂളിലെ പ്രധാന അധ്യാപകൻ വഴി ഇ-ഗ്രാന്റ്സ് സൈറ്റ് ലൂടെ	ബാങ്ക് അക്കൗണ്ടിന്റെ കോപ്പി ആധാർകാർഡിന്റെ കോപ്പി ജാതി സർട്ടിഫിക്കറ്റ്	അധ്യയന വർഷത്തിന്റെ ആരംഭത്തിൽ 15 ദിവസത്തിനുള്ളിൽ	
2	പ്രൈമറിസെക്കന്ററി എഡ്യൂകേഷൻ എയ്ഡ്	ഒന്നു മുതൽ എട്ടാം തരം വരെയുള്ള കുട്ടികൾക്ക്	സ്കൂളിലെ പ്രധാന അധ്യാപകൻ വഴി ഇ-ഗ്രാന്റ്സ് സൈറ്റിലൂടെ	ബാങ്ക് അക്കൗണ്ടിന്റെ കോപ്പി ആധാർകാർഡിന്റെ കോപ്പി ജാതി സർട്ടിഫിക്കറ്റ്	സ്കൂൾ അധ്യയന വർഷത്തിന്റെ ആരംഭത്തിൽ	
3	ശ്രീ.അയ്യങ്കാളി ടാലന്റ് സേർച്ച് സ്കോളർഷിപ്	അഞ്ചാം തരത്തിലും എട്ടാം തരത്തിലും പഠിക്കുന്ന കുട്ടികൾക്ക്	നിശ്ചിത പ്രഫോർമയിൽ പട്ടികജാതി വികസന ഓഫീസർക്ക് നേരിട്ട്	ജാതി വരുമാന സർട്ടിഫിക്കറ്റുകൾ പ്രധാന അധ്യാപകൻ സാക്ഷ്യപ്പെടുത്തിയ മാർക്ക് ലിസ്റ്റ്	അപേക്ഷയും അനുബന്ധ രേഖകളും ലഭിച്ച് 15 ദിവസത്തിനുള്ളിൽ(ഫിനാൻ ലഭ്യത അനുസരിച്ച്)	
4	പ്രത്യേക	എസ് എസ് എൽ സി	നേരിട്ട്	മാർക്ക് ലിസ്റ്റിന്റെ കോപ്പി	അപേക്ഷയും അനുബന്ധ	

	പ്രോത്സാഹന സമ്മാനം	പ്ലസ്ടു ഡിപ്ലോമ ഡിഗ്രി പി.ജി മറ്റു പ്രൊഫഷണൽ കോഴ്സുകൾക്ക് ഫസ്റ്റ് ക്ലാസോ അതിനുയർന്ന മാർക്കോ ലഭ്യമായവർക്ക്		ജാതിസർട്ടിഫിക്കറ്റ് ആധാർകാർഡ് ബാങ്ക് അക്കൗണ്ടിന്റെ കോപ്പി	രേഖകളും ലഭിച്ച് 15 ദിവസത്തിനുള്ളിൽ(ഫിനാൻസ് ലഭ്യത അനുസരിച്ച്)	
5	ഭൂരഹിത പുനരധിവാസ പദ്ധതി	ഭൂരഹിത ഭവനരഹിത പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക്	നേരിട്ട്	ജാതി വരുമാന സർട്ടിഫിക്കറ്റുകൾ സ്വന്തമായി ഭൂമി ഇല്ലെന്നു തെളിയിക്കുന്ന വില്ലേജ് ഓഫീസറുടെ സാക്ഷ്യപത്രം അവകാശമായി ലഭിക്കാവുന്ന ഭൂമി സംബന്ധിച്ച സാക്ഷ്യപത്രം	അപേക്ഷയും അനുബന്ധ രേഖകളും ലഭിച്ച് 15 ദിവസത്തിനുള്ളിൽ(ഫിനാൻസ് ലഭ്യത അനുസരിച്ച്)	
6	വിവാഹ ധനസഹായം	പട്ടികജാതി വിഭാഗത്തിൽ പെട്ട കുടുംബത്തിലെ പെൺകുട്ടികൾക്ക്	നേരിട്ട്	ജാതി വരുമാന സർട്ടിഫിക്കറ്റുകൾ വിവാഹ സർട്ടിഫിക്കറ്റ്	അപേക്ഷയും അനുബന്ധ രേഖകളും ലഭിച്ച് 15 ദിവസത്തിനുള്ളിൽ(ഫിനാൻസ് ലഭ്യത അനുസരിച്ച്)	

പട്ടികജാതി വികസന ഓഫീസ് സേവന വിവരങ്ങൾ(തുടർച്ച....)

ക്രമ നമ്പർ	ലഭ്യമാകുന്ന സേവനങ്ങൾ	അർഹത	അപേക്ഷ നൽകേ രീതി	അപേക്ഷയോടൊപ്പം വെക്കേ രേഖകൾ	സേവനം ലഭ്യമാകുന്ന സമയം	റിമാർക്സ്
7	മിശ്ര വിവാഹിതർക്ക് ധനസഹായം	പട്ടികജാതി വിഭാഗത്തിൽ പെട്ട ഒരാളും പകാളി പട്ടിക ഇതര വിഭാഗത്തിൽപ്പെട്ടതുമായിരിക്കണം.	നേരിട്ട്	ഭാര്യ ഭർത്താക്കൻമാരുടെ ജാതി സർട്ടിഫിക്കറ്റുകൾ വിവാഹ സർട്ടിഫിക്കറ്റ് കുടുംബ വാർഷിക വരുമാന സർട്ടിഫിക്കറ്റ് സഹവാസ സർട്ടിഫിക്കറ്റ്	അപേക്ഷയും അനുബന്ധ രേഖകളും ലഭിച്ച് 15 ദിവസത്തിനുള്ളിൽ(ഫ ിന്റെ ലഭ്യത അനുസരിച്ച്)	വിവാഹശേഷം ഒരു വർഷം കഴിഞ്ഞ് മൂന്ന് വർഷത്തിനകം അപേക്ഷിക്കണം. രു പേരുടെയും കൂടി പ്രതിവർഷ വരുമാന പരിധി ഒരു ലക്ഷം രൂപ
8	വിദേശത്ത് തൊഴിൽ നേടുന്നതിന് സാമ്പത്തിക സഹായം	പട്ടിക ജാതി യുവതീ യുവാക്കൾക്ക്	നേരിട്ട്	ഇൻഡ്യൻ പാസ്പോർട്ട് വിദേശ തൊഴിൽ ദാതാവിൽ നിന്നും ലഭിച്ച തൊഴിൽ കരാർ പത്രം ജാതി വരുമാന സർട്ടിഫിക്കറ്റുകൾ	അപേക്ഷയും അനുബന്ധ രേഖകളും ലഭിച്ച് 15 ദിവസത്തിനുള്ളിൽ(ഫ ിന്റെ ലഭ്യത അനുസരിച്ച്)	അഭ്യസ്ത വിദ്യരും ഏതെങ്കിലും തൊഴിൽ മേഖലയിൽ നൈപുണ്യവും പരിശീലനവും ലഭിച്ചവരാകണം
9	വാത്സല്യനിധി	പട്ടികജാതി വിഭാഗത്തിൽപ്പെട്ട 9 മാസം പ്രായമായ പെൺകുട്ടികൾക്ക്	നേരിട്ട്	ജാതി വരുമാന സർട്ടിഫിക്കറ്റ് ജനന സർട്ടിഫിക്കറ്റ് വാക്സിനേഷൻ സർട്ടിഫിക്കറ്റ്	അപേക്ഷയും അനുബന്ധ രേഖകളും ലഭിച്ച് 15 ദിവസത്തിനുള്ളിൽ(ഫ ിന്റെ ലഭ്യത അനുസരിച്ച്)	പെൺകുട്ടികൾക്ക് 18 വയസ് പൂർത്തിയാകുമ്പോൾ 3 ലക്ഷം രൂപ നൽകുന്നു. ഇൻഷുറൻസ് അധിഷ്ഠിത സമൂഹ വികസന പദ്ധതി.
10	പഠന മുറി	എട്ടു മുതൽ 12-ാം തരം വരെയുള്ള കുട്ടികൾക്ക്	ഗ്രാമ സഭ വഴി	സ്കൂൾ മേധാവിയുടെ സാക്ഷ്യപത്രം ജാതി വരുമാന സർട്ടിഫിക്കറ്റുകൾ വീടിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച രേഖ വിദ്യുത്തിന്റെ സ്ക്വയർ ഫീറ്റ് സംബന്ധിച്ച രേഖ	അപേക്ഷയും അനുബന്ധ രേഖകളും ലഭിച്ച് 15 ദിവസത്തിനുള്ളിൽ(ഫ ിന്റെ ലഭ്യത അനുസരിച്ച്)	
11	ചികിത്സാ ധനസഹായം	അസുഖബാധിതർക്ക്	ടി-ഗ്രാന്റ്സ് സൈറ്റുവഴി	മെഡിക്കൽ സർട്ടിഫിക്കറ്റ് ജാതിവരുമാന സർട്ടിഫിക്കറ്റ് ആധാർ കാർഡ് ബാങ്ക് അക്കൗണ്ടിന്റെ കോപ്പി	അപേക്ഷയും അനുബന്ധ രേഖകളും ലഭിച്ച് 15 ദിവസത്തിനുള്ളിൽ(ഫ ിന്റെ ലഭ്യത അനുസരിച്ച്)	

പട്ടികജാതി വികസന ഓഫീസ് സേവന വിവരങ്ങൾ(തുടർച്ച....)

7	മിശ്ര വിവാഹിതർക്ക് ധനസഹായം	പട്ടികജാതി വിഭാഗത്തിൽ പെട്ട ഒരാളും പകാജി പട്ടിക ജാതര വിഭാഗത്തിൽപ്പെട്ടതുമായിരിക്കണം.	നേരിട്ട്	ഭാര്യ ഭർത്താക്കൻമാരുടെ ജാതി സർട്ടിഫിക്കറ്റുകൾ വിവാഹ സർട്ടിഫിക്കറ്റ് കുടുംബ വാർഷിക വരുമാന സർട്ടിഫിക്കറ്റ് സഹവാസ സർട്ടിഫിക്കറ്റ്	അപേക്ഷയും അനുബന്ധ രേഖകളും ലഭിച്ച് 15 ദിവസത്തിനുള്ളിൽ(ഫ ിന്റെ ലഭ്യത അനുസരിച്ച്)	വിവാഹശേഷം ഒരു വർഷം കഴിഞ്ഞ് മൂന്ന് വർഷത്തിനകം അപേക്ഷിക്കണം. രു പേരുടെയും കൂടി പ്രതിവർഷ വരുമാന പരിധി ഒരു ലക്ഷം രൂപ
8	വിദേശത്ത് തൊഴിൽ നേടുന്നതിന് സാമ്പത്തിക സഹായം	പട്ടിക ജാതി യുവതീ യുവാക്കൾക്ക്	നേരിട്ട്	ഇൻഡ്യൻ പാസ്പോർട്ട് വിദേശ തൊഴിൽ ദാതാവിൽ നിന്നും ലഭിച്ച തൊഴിൽ കരാർ പത്രം ജാതി വരുമാന സർട്ടിഫിക്കറ്റുകൾ	അപേക്ഷയും അനുബന്ധ രേഖകളും ലഭിച്ച് 15 ദിവസത്തിനുള്ളിൽ(ഫ ിന്റെ ലഭ്യത അനുസരിച്ച്)	അഭ്യസ്ത വിദ്യരും ഏതെങ്കിലും തൊഴിൽ മേഖലയിൽ നൈപുണ്യവും പരിശീലനവും ലഭിച്ചവരാകണം
9	വാത്സല്യനിധി	പട്ടികജാതി വിഭാഗത്തിൽപ്പെട്ട 9 മാസം പ്രായമായ പെൺകുട്ടികൾക്ക്	നേരിട്ട്	ജാതി വരുമാന സർട്ടിഫിക്കറ്റ് ജനന സർട്ടിഫിക്കറ്റ് വാക്സിനേഷൻ സർട്ടിഫിക്കറ്റ്	അപേക്ഷയും അനുബന്ധ രേഖകളും ലഭിച്ച് 15 ദിവസത്തിനുള്ളിൽ(ഫ ിന്റെ ലഭ്യത അനുസരിച്ച്)	പെൺകുട്ടികൾക്ക് 18 വയസ് പൂർത്തിയാകുമ്പോൾ 3 ലക്ഷം രൂപ നൽകുന്നു. ഇൻഷുറൻസ് അധിഷ്ഠിത സമഗ്ര വികസന പദ്ധതി.
10	പഠന മുറി	എട്ടു മുതൽ 12-ാം തരം വരെയുള്ള കുട്ടികൾക്ക്	ഗ്രാമ സഭ വഴി	സ്കൂൾ മേധാവിയുടെ സാക്ഷ്യപത്രം ജാതി വരുമാന സർട്ടിഫിക്കറ്റുകൾ വീടിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച രേഖ വീടിന്റെ സ്കയർ ഫീറ്റ് സംബന്ധിച്ച രേഖ	അപേക്ഷയും അനുബന്ധ രേഖകളും ലഭിച്ച് 15 ദിവസത്തിനുള്ളിൽ(ഫ ിന്റെ ലഭ്യത അനുസരിച്ച്)	

സംയോജിത ശിശുവികസന ഓഫീസ് സേവന വിവരങ്ങൾ

ക്രമ നമ്പർ	ലഭ്യമാകുന്ന സേവനങ്ങൾ	അർഹത	അപേക്ഷ നൽകേ രീതി	അപേക്ഷയോടൊപ്പം വെക്കേ രേഖകൾ	സേവനം ലഭ്യമാകുന്ന സമയം	റിമാർക്സ്
1	ആശ്വാസ കിരണം.	കിടപ്പിലായ രോഗികളെ പരിചരിക്കുന്നവർക്ക്.	ഐ.സി.ഡി.എസ് ഓഫീസിൽ	ഡോക്ടർ സർട്ടിഫിക്കറ്റ് വരുമാനസർട്ടിഫിക്കറ്റ് റേഷൻകാർഡ് ബാങ്ക് പാസ്സ് ബുക്ക്		
2	പി.എം.എം.വി.വൈ	ആദ്യ പ്രസവം	അങ്കണവാടി വഴി.	ആദ്യത്തെ പ്രസവം ആണെന്നുള്ള രേഖ ആധാർ ബാങ്ക് പാസ്സ് ബുക്ക് ജനന സർട്ടിഫിക്കറ്റ്	കുട്ടിക്ക് 3 മാസത്തെ കുത്തിവെയ്പ് കഴിഞ്ഞ് 6 മാസത്തിനുള്ളിൽ.	
3	സമാശ്വാസം	ഡയാലിസിസ് ട്രാൻസ് പ്ലാന്റേഷൻ	ഐ.സി.ഡി.എസ് ഓഫീസിൽ	ഡയലിസിസ് ട്രാൻസ്പ്ലാന്റേന്റെ സർട്ടിഫിക്കറ്റ് വരുമാന സർട്ടിഫിക്കറ്റ് റേഷൻകാർഡ്		
4	മിശ്രവിവാഹം	ര് ജാതിയിലുള്ള വിവാഹം	ഐ.സി.ഡി.എസ് ഓഫീസിൽ	ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ് വരുമാന സർട്ടിഫിക്കറ്റ് റേഷൻകാർഡ്		
5	വികലാംഗരുടെ പെർമക്കൾക്ക് വിവാഹ ധനസഹായം	40% ഡിസ്എബിലിറ്റി സർട്ടിഫിക്കറ്റ്	ഐ.സി.ഡി.എസ് ഓഫീസിൽ	ഡിസ്എബിലിറ്റി സർട്ടിഫിക്കറ്റ് ജാതിതെളിയിക്കുന്ന രേഖ വരുമാന സർട്ടിഫിക്കറ്റ് റേഷൻകാർഡ് വിവാഹ രജിസ്റ്റർ		

ക്ഷീര വികസന ഓഫീസ് സേവന വിവരങ്ങൾ

(എ) ഗ്രാമീണ വികസനവും ഉപദേശക പ്രവർത്തനങ്ങളും

ക്രമ നമ്പർ	ലഭ്യമാകുന്ന സേവനങ്ങൾ	അർഹത	അപേക്ഷ നൽകേ രീതി	അപേക്ഷയോടൊപ്പം വെക്കേ രേഖകൾ	സേവനം ലഭ്യമാകുന്ന സമയം	റിമാർക്സ്
1	കർഷകസമ്പർക്ക പരിപാടി- കർഷകമൈത്രി ധനസഹായ തുക- 2500/- രൂപ	തെരെഞ്ഞെടുത്ത ക്ഷീര സംഘടനകളുടെ ആഭിമുഖ്യത്തിൽ	സംഘങ്ങൾ നേരിട്ട്		ഏപ്രിൽ 1 മുതൽ മാർച്ച് 31 വരെ	50 കർഷകർക്ക് ക്ലാസ്സ്.
2	ക്ഷീര ദിനാചരണം	എല്ലാ ക്ഷീര സംഘങ്ങളിലും			ജൂൺ 1	ക്ഷീര പതാക,മധുര വിതരണം, ക്ഷീരദിന പ്രതിജ്ഞ
3	എക്സ്പോഷർ വിസിറ്റ്- ആൾ ഇന്ത്യ	ക്ഷീര കർഷകൻ	നേരിട്ട്	ആധാർ,ഇലക്ഷൻ കാർഡ്, റേഷൻ കാർഡ്, ബാങ്ക് പാസ്ബുക്ക് - പകർപ്പുകൾ		
4	എക്സ്പോഷർ വിസിറ്റ്- സംസ്ഥാനത്തിനകത്ത്	ക്ഷീര കർഷകൻ	നേരിട്ട്	ആധാർ,ഇലക്ഷൻ കാർഡ്, റേഷൻ കാർഡ്, ബാങ്ക് പാസ്ബുക്ക് - പകർപ്പുകൾ		
5	ആകസ്മിക ധനസഹായം 15000/-	കറവവശു ചത്തു പോയവർക്ക്	നിശ്ചിത അപേക്ഷയിൽ നേരിട്ട്	ആധാർ, ഡോക്ടറുടെ പോസ്റ്റ് മോർട്ടം റിപ്പോർട്ട്, ഫോട്ടോ, വാർഡു മെമ്പറുടെ സാക്ഷ്യപത്രം, സംഘം ഭരണസമിതി തീരുമാനം,ബാങ്ക് പാസ്ബുക്ക് പകർപ്പ്.	ഏപ്രിൽ 1 മുതൽ മാർച്ച് 31 വരെ ഫു ലഭ്യത അനുസരിച്ച്.	ഇൻഷുറൻസ് ഇല്ലാത്ത പശുക്കൾക്ക്.
6	ബ്ലോക്ക് ക്ഷീര സംഗമം -30000/-	തെരെഞ്ഞെടുക്കപ്പെട്ട ക്ഷീര സംഘങ്ങളുടെ ആഭിമുഖ്യത്തിൽ	സംഘങ്ങൾ നേരിട്ട്		സാമ്പത്തിക വർഷത്തിന്റ ആദ്യ മാസങ്ങളിൽ	ബ്ലോക്കിലെ 300 കർഷകരുടെ സംഗമം- സെമിനാറുകൾ പ്രദർശനങ്ങൾ

ക്ഷീര വികസന ഓഫീസ് സേവന വിവരങ്ങൾ(തുടർച്ച....)

ക്രമ നമ്പർ	ലഭ്യമാകുന്ന സേവനങ്ങൾ	അർഹത	അപേക്ഷ നൽകേ രീതി	അപേക്ഷയോടൊപ്പം വെക്കേ രേഖകൾ	സേവനം ലഭ്യമാകുന്ന സമയം	റിമാർക്സ്
7	ന്യൂ സ്റ്റുഡന്റ്സ് ഡയറി ക്ലബ് (സ്കൂളുകളിൽ) -25000/-	തെരെഞ്ഞെടുത്ത സ്കൂളുകളിൽ	സ്കൂളുകൾ നേരിട്ട്		വർഷത്തിലെ മുഴുനീള പ്രവർത്തനങ്ങൾ	സ്കൂൾ കുട്ടികൾക്ക് ക്ഷീര രംഗത്ത് അഭിരുചി വളർത്തുന്നതിന്.
8	മികച്ച ക്ഷീര കർഷകന്/ക്ഷീര സഹകാരിക്ക് അവാർഡ്	ക്ഷീര സംഘത്തിൽ കൂടുതൽ പാലളന്ന ക്ഷീര കർഷകൻ/ക്ഷേമ നിധി അംഗം	നേരിട്ട്	ക്ഷീരസംഘം ഭരണസമിതി തീരുമാനം, ശുപാർശ	കഴിഞ്ഞ വർഷത്തെ പാലളവിന് ഈ വർഷം അവാർഡ്	ബ്ലോക്കിലെ കൂടുതൽ പാലളന്നവരെ ജില്ലാ തലത്തിൽ ആദരിക്കുന്നു.
(ബി) തീറ്റപുൽ കൃഷി						
1	തീറ്റ പുൽ കൃഷി 20 സെന്റിന് മുകളിൽ സബ്സിഡി -50 സെന്റിന്	പുൽകൃഷി ചെയ്യാൻ സ്ഥലവും താൽപര്യവുമുള്ളവർ	നേരിട്ട് നിശ്ചിത പ്രൊഫോർമയിൽ	ഇലക്ഷൻകാർഡ്, ആധാർ, നികുതി രശീതി, റേഷൻ കാർഡ്, ബാങ്ക് പാസ്സ് ബുക്ക് -പകർപ്പ് സെന്റിന് 11 രൂപ രജി.ഫീസ്	ജൂൺ ജൂലൈ മാസങ്ങളിൽ	സ്വന്തം സ്ഥലത്തോ പാട്ട സ്ഥലത്തോ കൃഷി ചെയ്യാം. പുൽകട സൗജന്യം.
2	തീറ്റപുൽക്കട-ട്രാൻസ്പോർട്ടേഷൻ കോസ്റ്റ്	ആവശ്യമായ ക്ഷീരസംഘം	നേരിട്ട്	ചെലവുകളുടെ രശീതി	പുൽക്കട വിതരണത്തിനു ശേഷം	സംഘത്തിൽ നിന്ന് കർഷകർക്ക് പുൽക്കട എത്തിച്ചതിന്

ക്ഷീര വികസന ഓഫീസ് സേവന വിവരങ്ങൾ(തുടർച്ച....)

ക്രമ നമ്പർ	ലഭ്യമാകുന്ന സേവനങ്ങൾ	അർഹത	അപേക്ഷ നൽകേ രീതി	അപേക്ഷയോടൊഷം വെക്കേ രേഖകൾ	സേവനം ലഭ്യമാകുന്ന സമയം	റിമാർക്സ്
3	ഡയറി പ്രൊമോട്ടർക്ക് ഇൻഷന്റീവ് -7500/-(8 മാസത്തേക്ക്)	നിയമിതനായി ഡയറിപ്രൊമോട്ടർ	നേരിട്ട്	വർക്ക് ഡയറി	നിയമിതനായ മാസങ്ങൾക്ക്	
4	പുൽത്തൊട്ടം ജലസേചന സഹായം എ. ഒരു ഏക്കറിൽ താഴെ -15000/-	പുൽത്തൊട്ടത്തിൽ 20000 രൂപ ചെലവ് ചെയ്ത് മോട്ടോർ സ്പ്രിംഗ്ലർ മുതലായവ സ്ഥാപിക്കുന്നവർക്ക്	നേരിട്ട് നിശ്ചിത പ്രൊഫോർമയിൽ	തിരിച്ചുരിയൽ രേഖകൾ ബാങ്ക് പാസ്സ് ബുക്ക് ചെലവ് ചെയ്തതിന്റെ ബില്ലുകൾ രജിസ്റ്റർ ഫീ-170/-	ആദ്യ മാസങ്ങിൽ ജലസേചന സൗകര്യം സ്ഥാപിച്ചതിന് ധനസഹായം	
5	ബി. ഒരു ഏക്കറിന് മുകളിൽ -25000/-	50000 ചെലവു ചെയ്തവർക്ക്	നേരിട്ട് നിശ്ചിത പ്രൊഫോർമയിൽ	തിരിച്ചുരിയൽ രേഖകൾ ബാങ്ക് പാസ്സ് ബുക്ക് ചെലവ് ചെയ്തതിന്റെ ബില്ലുകൾ രജിസ്റ്റർ ഫീ-170/-	ആദ്യ മാസങ്ങിൽ ജലസേചന സൗകര്യം സ്ഥാപിച്ചതിന് ധനസഹായം	
6	ആധുനിക വൽക്കരണം/യു ന്തവൽക്കരണം -10000/-	ചാഫ് കട്ടർ മുതലായവ വാങ്ങുന്നവർക്ക്(20000 ചെലവു ചെയ്യണം)	നേരിട്ട് നിശ്ചിത പ്രൊഫോർമയിൽ	തിരിച്ചുരിയൽ രേഖകൾ ബാങ്ക് പാസ്സ് ബുക്ക് ചെലവ് ചെയ്തതിന്റെ ബില്ലുകൾ രജിസ്റ്റർ ഫീ-170/-	ആദ്യമാസങ്ങളിൽ	
7	ചോളം കൃഷി - 15330(ഹെക്ടറിൽ)	ചോളം കൃഷി ചെയ്ത് കാലിത്തീറ്റ കമ്പനിക്ക് നൽകാൻ തയ്യാറുള്ളവർ	നേരിട്ട് നിശ്ചിത പ്രൊഫോർമയിൽ -	തിരിച്ചുരിയൽ രേഖകൾ ബാങ്ക് പാസ്സ് ബുക്ക് ചെലവ് ചെയ്തതിന്റെ ബില്ലുകൾ രജിസ്റ്റർ ഫീ-170/-	ആദ്യമാസങ്ങളിൽ	
8	തരിശുഭൂമിയിൽ തീറ്റപുൽ കൃഷി(93007/-ഹെക്ടറിൽ)	തയ്യാറുള്ളവർ	നേരിട്ട് നിശ്ചിത പ്രൊഫോർമയിൽ	തിരിച്ചുരിയൽ രേഖകൾ ഭൂമിയുടെ രേഖകൾ	ആദ്യമാസങ്ങളിൽ	

ക്ഷീര വികസന ഓഫീസ് സേവന വിവരങ്ങൾ(തുടർച്ച....)

ക്രമ നമ്പർ	ലഭ്യമാകുന്ന സേവനങ്ങൾ	അർഹത	അപേക്ഷ നൽകേ രീതി	അപേക്ഷയോടൊ ഷം വെക്കേ രേഖകൾ	സേവനം ലഭ്യമാകുന്ന സമയം	റിമാർക്സ്
9	സ്വയംസാഹായ സംഘങ്ങൾ/സ്ത്രീഗ്രൂപ്പു കൾ/സംഘങ്ങൾ വഴി തീറപ്പുൽ കൃഷി വിപണനം-75000/-	കൃഷിക്കും വിപണനത്തിനും തയ്യാറുള്ള ഗ്രൂപ്പുകൾ	നേരിട്ട് നിശ്ചിത പ്രൊഫോർമയിൽ	ഗ്രൂപ്പുവവരങ്ങൾ തീരുമാനം ചെലവിന്റെ കണക്കു വിവരങ്ങൾ	ആദ്യ മാസങ്ങളിൽ	
10	മിനി ഹൈഡ്രോപോണിക് ഫോഡർ-ചെലവായ തുകയ്ക്ക് ആനുപാതികമായി	തയ്യാറുള്ള കർഷകർ	നേരിട്ട് നിശ്ചിത പ്രൊഫോർമയിൽ	തിരിച്ചറിയൽ രേഖകൾ, ബാങ്ക് പാസ്ബുക്ക്, ചെലവുവിവരം-ബില്ലുകൾ	ആദ്യ മാസങ്ങളിൽ	മണ്ണില്ലാ ചോളകൃഷി
(സി) ക്ഷീര സംഘങ്ങൾക്കുള്ള ധനസഹായം						
1	എടടആ 2006 മാനദണ്ഡങ്ങൾ പാലിക്കുന്നതിന് ക്ഷീര സംഘങ്ങൾക്ക് -45000/- പരമാവധി	തെരെഞ്ഞെടു ത്ത ക്ഷീരസംഘം (60000/- രൂപ ചെലവ്)	നേരിട്ട് നിശ്ചിത പ്രൊഫോർമയിൽ	ഭരണസമിതി തീരുമാനം, ചെലവ്-ബില്ലുക ൾ 170/- രജിസ്ട്രേഷൻ ഫീ	ജൂൺ, ജൂലൈ	പാൽഗുണനിലവാരം ഉയർത്തുന്നതിന് സംഘത്തിൽ കൈക്കൊള്ളുന്ന പ്രവർത്തികൾക്ക് ധനസഹായം വിഭജിച്ച് നൽകാം.
2	പുതിയതായി തുടങ്ങുന്ന ക്ഷീരസംഘത്തിന് ഓപ്പറേഷണൽ -അസിസ്റ്റൻഡ് (61500/-)	മറ്റു ക്ഷീരസംഘങ്ങൾ പ്രവർത്തിക്കാത്ത സ്ഥലം	വ്യത്യസ്തകുടും ബങ്ങിലെ 25 പേർ ഒപ്പിട്ട അപേക്ഷ	170/- രജിസ്ട്രേഷൻ ഫീ	എപ്പോൾ വേണമെങ്കിലും	
3	ആവശ്യാധിഷ്ടിത ധനസഹായം (120000/-)	ആവശ്യമുള്ള ക്ഷീരസംഘങ്ങൾ(ചെലവ് 200000/-)	നേരിട്ട് നിശ്ചിത പ്രഫോർമയിൽ	ഭരണസമിതി തീരുമാനം, 170/- രജിസ്ട്രേഷൻ ഫീ	വർഷത്തിന്റെ ആദ്യ മാസങ്ങളിൽ	ധനസഹായ തുക സംഘങ്ങളുടെ ആവശ്യമനുസരിച്ച് വിഭജിച്ച് നൽകാം

ക്ഷീര വികസന ഓഫീസ് സേവന വിവരങ്ങൾ(തുടർച്ച....)

ക്രമ നമ്പർ	ലഭ്യമാകുന്ന സേവനങ്ങൾ	അർഹത	അപേക്ഷ നൽകേ രീതി	അപേക്ഷയോടൊപ്പം വെക്കേ രേഖകൾ	സേവനം ലഭ്യമാകുന്ന സമയം	റിമാർക്സ്
4	മഴ വെള്ള സംഭരണത്തിന് ധനസഹായം (120000)	സ്വന്തം കെട്ടിടവും സൗകര്യവുമുള്ള സംഘങ്ങൾ	നേരിട്ട് നിശ്ചിത പ്രഫോർമയിൽ	ഭരണസമിതി തീരുമാനം, 170/- രജിസ്ട്രേഷൻ ഫീ,എഞ്ചിനീയറുടെ പ്ലാൻ എസ്റ്റിമേറ്റ് വാല്യുവേഷൻ.	വർഷത്തി ന്റെ ആദ്യ മാസങ്ങളിൽ	
5	പാൽവി ലൂട്ടിലേക്ക് പാൽ എത്തിക്കുന്നതിന് ധനസഹായം (പരമാവധി 35000/-)	മിൽക്ക് റൂട്ട് ഇല്ലാത്ത സംഘങ്ങൾക്ക്	നേരിട്ട് നിശ്ചിത പ്രഫോർമയിൽ	ഭരണസമിതി തീരുമാനം, ചെലവ് ബില്ലുകൾ170 /- രജിസ്ട്രേഷൻ ഫീ	വർഷം മുഴുവനും ഫ് ലഭ്യത അനുസരിച്ച്.	
6	പാൽ സൊസൈറ്റികൾക്ക് മാനേജ്മീരിയൽ അസിസ്റ്റൻസ് ഒരു സംഘത്തിന് പരമാവധി 35000/-	ജീവനക്കാർക്ക് ശമ്പളം കൊടുക്കാനുള്ള സാമ്പത്തിക സ്ഥിതി ഇല്ലാത്ത സംഘങ്ങൾക്ക്	നേരിട്ട് നിശ്ചിത പ്രഫോർമയിൽ	ഭരണസമിതി തീരുമാനം, 170/- രജിസ്ട്രേഷൻ ഫീ ശമ്പളം നൽകിയതിന്റെ വൗച്ചറുകൾ	വർഷത്തിൽ 10 മാസത്തേക്ക് ഫു ലഭ്യത അനുസിരിച്ച് സെക്രട്ടറിക്ക് പ രമാവധി 2000/- ടെസ്റ്റർക്ക് -1500/-	
7	ഡോ.വർഗ്ഗീസ് കുര്യൻ അവാർഡ്-എറ്റവും നല്ല ക്ഷീരോല്പാദകം& ക്ഷീര വ്യവസായ സംഘങ്ങൾക്ക്	ഏറ്റവും കൂടുതൽ പാൽ സംഭരിക്കുന്നതും പ്രവർത്തനം നടത്തുന്നതുമാ യ സംഘങ്ങൾക്ക്	നേരിട്ട് നിശ്ചിത പ്രഫോർമയിൽ	ഭരണസമിതി തീരുമാനം		

ക്ഷീര വികസന ഓഫീസ് സേവന വിവരങ്ങൾ(തുടർച്ച....)

ക്രമ നമ്പർ	ലഭ്യമാകുന്ന സേവനങ്ങൾ	അർഹത	അപേക്ഷ നൽകേ രീതി	അപേക്ഷ യോടൊഷം വെക്കേ രേഖകൾ	സേവനം ലഭ്യമാകുന്ന സമയം	റിമാർക്സ്
(ഡി) ക്ഷീര സംഘങ്ങളിൽ അധിക ധന നിക്ഷേപം						
1	ക്ഷീര സംഘങ്ങൾക്ക് പാൽസംഭരണ/സ്റ്റോറേജ് മുറി - 375000/-	സ്വന്തമായി 3 സെന്റ് സ്ഥലവും തൊട്ടുമുൻപത്തെ 6 മാസക്കാലം പ്രതിദിനം 150 ലി പാൽ ശരാശരി സംഭരിക്കുന്ന സംഘം.	നിശ്ചിത പ്രഫോർമയിൽ ക്ഷീരവികസന യൂണിറ്റ് മുഖാന്തരം ഡെപ്യൂട്ടി ഡയറക്ടർക്ക്.	500/- രജിസ്ട്രേഷൻ ഫീ അംഗീകൃത എഞ്ചിനീയർ തയ്യാറാക്കിയ പ്ലാനും എസ്റ്റിമേറ്റും.	ഏപ്രിൽ	500000 രൂപ ചെലവാക്കുമ്പോൾ സബ്സിഡി.ഒ
2	ക്ഷീര സംഘങ്ങളിൽ ക്ഷീരകർഷകരുടെ ഫെസിലിറ്റേഷൻ കം ഇൻഫർമേഷൻ സെന്റർ. സബ്സിഡി - 525000/-	സെമിനാർ ഹാളും മറ്റ് യോഗങ്ങൾ നടത്തുന്നതിനുവേ ആധുനിക ഉപകരണങ്ങളും സജ്ജമാക്കാൻ കഴിവുള്ള സംഘം.	നിശ്ചിത പ്രഫോർമയിൽ ക്ഷീരവികസന യൂണിറ്റ് മുഖാന്തരം ഡെപ്യൂട്ടി ഡയറക്ടർക്ക്.	750/- രജിസ്ട്രേഷൻ ഫീ ലൈസൻസ്ഡ് സിവിൽ എഞ്ചിനീയറുടെ പ്ലാൻ എസ്റ്റിമേറ്റ്.	ഏപ്രിൽ	ജില്ലയിൽ -1 700000/- രൂപ ചെലവ്.
3	ക്ഷീര സംഘത്തിൽ പാൽ സംസ്കരണ/കാലിത്തീറ യൂണിറ്റ് തുടങ്ങിയവയുടെ നിർമ്മാണത്തിനും ആധുനികവൽകരണത്തിനും സബ്സിഡി-ആകെ ചിലവിന്റെ 60% അഥവാ 30 ലക്ഷം രൂപ ഏതാണോ കുറവ് അത്.	സാമ്പത്തിക സ്ഥിതിയുള്ള സംഘം.	നിശ്ചിത പ്രൊഫോർമയിൽ ഡയറക്ടർക്ക് ഉചിതമാർഗ്ഗേണ.	750/- രജിസ്ട്രേഷൻ ഫീ നിശ്ചിത തീരുമാനം, ഡി.ഇ.ഒ യുടെ പ്രൊജക്ട് റിപ്പോർട്ടും ശുപാർശയും	ഏപ്രിൽ	

ക്ഷീര വികസന ഓഫീസ് സേവന വിവരങ്ങൾ(തുടർച്ച....)

ക്രമ നമ്പർ	ലഭ്യമാകുന്ന സേവനങ്ങൾ	അർഹത	അപേക്ഷ നൽകേ രീതി	അപേക്ഷ യോടൊഷം വെക്കേ രേഖകൾ	സേവനം ലഭ്യമാകുന്ന സമയം	റിമാർക്സ്
4	ക്ഷീര സംഘത്തിൽ സൗരോർജ്ജ സംരക്ഷണ സിസ്റ്റം/മാലിന്യ സംസ്കരണപ്ലാന്റ് പരമാവധി സബ്സിഡി ഇ.ടി.പി- 3 ലക്ഷം സോളാർ-8 ലക്ഷം.	ആവശ്യമുള്ളതും സ്ഥലസൗകര്യമുള്ള തുമായ സംഘം.	നിശ്ചിത പ്രൊഫോർമയിൽ ഡയറക്ടർക്ക് ഉചിതമാർഗ്ഗേണ.	350/- രജിസ്ട്രേഷൻ ഫീ		
5	ഓഡ്യോമാറിക് പാൽസംഭരണ യൂണിറ്റ്(എ.എം.സി.യു) സബ്സിഡി 110000/- അല്ലെങ്കിൽ ചെലവായ തുകയുടെ 75%	താൽപര്യമുള്ള സംഘങ്ങൾ	നേരിട്ട് നിശ്ചിത പ്രൊഫോർമയിൽ	170/- രജിസ്ട്രേഷൻ ഫീ	എപ്രിൽ	
(ഇ)കാലിത്തീറ്റ സബ്സിഡി പദ്ധതി						
1	കാലിത്തീറ്റ സബ്സിഡി പദ്ധതി (കോവിഡ്-സമാശ്വാസ പദ്ധതി) - 400/- 50 കിലോ കാലിത്തീറ്റ ചാക്കിന്മേൽ ഇളവ്, പാലളവ് അനുസരിച്ച് സബ്സിഡി	ഏപ്രിൽ മാസത്തി സംഘത്തിൽ പാൽ അളന്നവർ	നിശ്ചിത പ്രൊഫോർമയിൽ സംഘം മുഖേന		ജൂൺ-ജൂലൈ	10 ലിറ്ററിൽ താഴെ - 1 ചാക്ക് 10 - 20 ലിറ്റർ - 2 ചാക്ക് 20 ലിറ്ററിനുമുകളിൽ - 3 ചാക്ക്
2	മിനറൽ മിക്സ്ചർ & വിറ്റാമിൻ സപ്ലിമെന്റ് വിതരണം. മിനറൽ മിക്സ്ചറിന് 100/- രൂപയും വിറ്റാമിൻ സപ്ലിമെന്റിന് 110/- രൂപയും	താൽപര്യമുള്ള കർഷകർ ഗുണഭോക്തൃ വിഹിതം അടയ്ക്കണം.	നേരിട്ട്		ജൂൺ-ജൂലൈ	
3	കാലിത്തീറ്റ സബ്സിഡി പദ്ധതി. പച്ചപ്പുല്ല് വൈക്കോൽ എന്നിവയ്ക്ക് കിലോയ്ക്ക് 3/- രൂപയും വൈക്കോലിന് 4/- രൂപയും ഇളവ്.	താൽപര്യമുള്ള കർഷകർ ഗുണഭോക്തൃ വിഹിതം അടയ്ക്കണം.	തെരെഞ്ഞെടുത്ത ക്ഷീര സംഘം വഴി അപേക്ഷ നിശ്ചിത പ്രൊഫോർമയിൽ	170/- രജിസ്ട്രേഷൻ ഫീ ഭരണസമിതി തീരുമാനം.	ജൂൺ-ജൂലൈ	ഒരു കർഷകന് പരമാവധി 7000/- രൂപ സബ്സിഡി.

ക്ഷീര വികസന ഓഫീസ് സേവന വിവരങ്ങൾ(തുടർച്ച....)

ക്ര നമ്പർ	ലഭ്യമാകുന്ന സേവനങ്ങൾ	അർഹത	അപേക്ഷ നൽകേ രീതി	അപേക്ഷ യോടൊപ്പം വെക്കേ രേഖകൾ	സേവനം ലഭ്യമാകുന്ന സമയം	റിമാർക്സ്
(എഫ്) മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതി						
1	ഗോധനം-ഒരു പശു(സങ്കരയിനം) യൂണിറ്റ് സബ്സിഡി - 35000/-	ക്ഷീര സംഘത്തിൽ പാലളക്കാൻ തയ്യാറുള്ള കർഷകൻ	നേരിട്ട് നിശ്ചിത പ്രഫോർമയിൽ	170/- രജിസ്ട്രേഷൻ ഫീ ഇലക്ഷൻ ഐ.ഡി,ആധാർ, റേഷൻകാർഡ്,നികുതി രശീതി,ബാങ്ക് പാസ് ബുക്ക് എന്നിവയുടെ പകർപ്പ്.	ജൂൺ-ജൂലൈ	തൊഴുത്ത് പണിയണംസംസ്ഥാനത്തിനു പുറത്തുനിന്ന് പശു വാങ്ങണം.
2	ഗോധനം-ഒരു പശു(നാടൻ പശു) യൂണിറ്റ് സബ്സിഡി- 36500/-	ക്ഷീര സംഘത്തിൽ പാലളക്കാൻ തയ്യാറുള്ള കർഷകൻ	നേരിട്ട് നിശ്ചിത പ്രഫോർമയിൽ	170/- രജിസ്ട്രേഷൻ ഫീ ഇലക്ഷൻ ഐ.ഡി,ആധാർ, റേഷൻകാർഡ്,നികുതി രശീതി,ബാങ്ക് പാസ് ബുക്ക് എന്നിവയുടെ പകർപ്പ്.	ജൂൺ-ജൂലൈ	ജില്ലയ്ക്ക് പുറത്തു നിന്ന് പശു വാങ്ങണം.
3	ര് പശു യൂണിറ്റ് 69000/-	ക്ഷീര സംഘത്തിൽ പാലളക്കാൻ തയ്യാറുള്ള കർഷകൻ	നേരിട്ട് നിശ്ചിത പ്രഫോർമയിൽ	200/- രജിസ്ട്രേഷൻ ഫീ	ജൂൺ-ജൂലൈ	സംസ്ഥാനത്തിനു പുറത്തുനിന്ന് പശു വാങ്ങണം.
4	അഞ്ച് പശു യൂണിറ്റ് 184000/-	ക്ഷീര സംഘത്തിൽ പാലളക്കാൻ തയ്യാറുള്ള കർഷകൻ	നേരിട്ട് നിശ്ചിത പ്രഫോർമയിൽ	250/- രജിസ്ട്രേഷൻ ഫീ	ജൂൺ-ജൂലൈ	സംസ്ഥാനത്തിനു പുറത്തുനിന്ന് പശു വാങ്ങണം.
5	പത്ത് പശു യൂണിറ്റ് 383000/-	ക്ഷീര സംഘത്തിൽ പാലളക്കാൻ തയ്യാറുള്ള കർഷകൻ	നേരിട്ട് നിശ്ചിത പ്രഫോർമയിൽ	500/- രജിസ്ട്രേഷൻ ഫീ	ജൂൺ-ജൂലൈ	സംസ്ഥാനത്തിനു പുറത്തുനിന്ന് പശു വാങ്ങണം.
6	കോമ്പസിറ്റ് ഡയറി യൂണിറ്റ് (1 പശു+ 1 കിടാരി) 53000/-	ക്ഷീര സംഘത്തിൽ പാലളക്കാൻ തയ്യാറുള്ള കർഷകൻ	നേരിട്ട് നിശ്ചിത പ്രഫോർമയിൽ	200/- രജിസ്ട്രേഷൻ ഫീ	ജൂൺ-ജൂലൈ	സംസ്ഥാനത്തിനു പുറത്തുനിന്ന് പശു വാങ്ങണം.
7	കോമ്പസിറ്റ് ഡയറി യൂണിറ്റ് (3+2) 150000/-	ക്ഷീര സംഘത്തിൽ പാലളക്കാൻ തയ്യാറുള്ള കർഷകൻ	നേരിട്ട് നിശ്ചിത പ്രഫോർമയിൽ	250/- രജിസ്ട്രേഷൻ ഫീ	ജൂൺ-ജൂലൈ	സംസ്ഥാനത്തിനു പുറത്തുനിന്ന് പശു വാങ്ങണം.

ക്ഷീര വികസന ഓഫീസ് സേവന വിവരങ്ങൾ(തുടർച്ച....)

ക്രമ നമ്പർ	ലഭ്യമാകുന്ന സേവനങ്ങൾ	അർഹത	അപേക്ഷ നൽകേ രീതി	അപേക്ഷ യോടൊപ്പം വെക്കേ രേഖകൾ	സേവനം ലഭ്യമാകുന്ന സമയം	റിമാർക്സ്
8	കോമ്പസിറ്റ് ഡയറി യൂണിറ്റ് (6+4) 292000/-	ക്ഷീര സംഘത്തിൽ പാലളക്കാൻ തയ്യാറുള്ള കർഷകൻ	നേരിട്ട് നിശ്ചിത പ്രഫോർമയിൽ	400/- രജിസ്ട്രേഷൻ ഫീ	ജൂൺ-ജൂലൈ	സംസ്ഥാനത്തിനു പുറത്തുനിന്ന് പശു വാങ്ങണം.
9	ക്ഷീര കർഷകർക്ക് ആവശ്യാധിഷ്ടിത ധനസഹായം 50000/-	ക്ഷീര സംഘത്തിൽ പാലളക്കാൻ തയ്യാറുള്ള കർഷകൻ	നേരിട്ട് നിശ്ചിത പ്രഫോർമയിൽ	200/- രജിസ്ട്രേഷൻ ഫീ പ്ലാൻ, എിമേറ്റ്	ജൂൺ-ജൂലൈ	സംസ്ഥാനത്തിനു പുറത്തുനിന്ന് പശു വാങ്ങണം.

വ്യവസായ വികസന ഓഫീസ് സേവന വിവരങ്ങൾ

ക്രമ നമ്പർ	ലഭ്യമാകുന്ന സേവനങ്ങൾ	അർഹത	അപേക്ഷ നൽകേ രീതി	അപേക്ഷയോടൊപ്പം വെക്കേ രേഖകൾ	സേവനം ലഭ്യമാകുന്ന സമയം	റിമാർക്സ്
1	സംരഭത്തിനാവശ്യമായ ലൈസൻസുകൾ നേടാനുള്ള കൈത്താങ്ങു സഹായം - KSWIFT	സംരഭകൻ	ഓൺലൈൻ		ഓഫീസ് പ്രവർത്തി ദിവസങ്ങളിൽ	
2	പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതി PMEGP	18 വയസ്സ് പൂർത്തിയായിരിക്കണം	ഓൺലൈൻ	പദ്ധതി മാർഗ്ഗരേഖ കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ് ആധാർകാർഡ്	ഓഫീസ് പ്രവർത്തി ദിവസങ്ങളിൽ	
3	സംരഭക സഹായ പദ്ധതി - ESS	നിലവിൽ പ്രവർത്തനത്തിക്കുന്ന ഉത്പാദന സംരഭത്തിന്റെ ഉടമ	ഓൺലൈൻ	ഓഡിറ്റഡ് ബാലൻസ്ഷീറ്റ് പ്രോഫിറ്റ് ആർഡ് ലോസ് സ്റ്റേറ്റ്മെന്റ് പ്രൊജക്റ്റ് റിപ്പോർട്ട് മെഷിനറി ബില്ലുകളും രേഖകളും	ഓഫീസ് പ്രവർത്തി ദിവസങ്ങളിൽ	

ബ്ലോക്ക് പഞ്ചായത്തിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുന്ന വ്യക്തിഗത / ഗ്രൂപ്പ് സംരഭങ്ങളുടെ ആസൂത്രണവും നിർവഹണവും കേന്ദ്ര സംസ്ഥാന സർക്കാരുകൾ സമയാ സമയങ്ങളിൽ പ്രഖ്യാപിക്കുന്ന വ്യവസായ സംരഭക പദ്ധതികൾക്കുള്ള കൈത്താങ്ങു സഹായങ്ങൾ.

കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ മാറഞ്ചേരി സേവന വിവരങ്ങൾ

ക്രമ നമ്പർ	ലഭ്യമാകുന്ന സേവനങ്ങൾ	അർഹത	അപേക്ഷ നൽകേ രീതി	അപേക്ഷയോടൊപ്പം വെക്കേ രേഖകൾ	സേവനം ലഭ്യമാകുന്ന സമയം	റിമാർക്സ്
1	മെഡിക്കൽ സർട്ടിഫിക്കറ്	രോഗികൾക്ക്	നേരിട്ട്	ഒ.പി ഐ.പി രേഖകൾ	10 മണി	
2	രോഗ പ്രതിരോധ കുത്തിവെയ്പുകൾ	അനുവദിക്കപ്പെട്ട ആളുകൾ (ശിശു.ഗർഭിണികൾ)			10 am-1pm	
3	പോഷണാധാക്കുള്ള വാക്സിനേഷൻ	പോഷ്ടി, മറ്റു ബ്ലീവികളുടെ കടിയേറ്റവർക്ക്			9 am-1pm	
4	മാനസികാരോഗ്യ പദ്ധതി ജില്ലാ പദ്ധതി	മാനസിക വെല്ലുവിളി നേരിടുന്നവർ	ഒരു മാസത്തെ ര ാം ബുധനാഴ്ച		10 am-1pm	
5	രോഗ പ്രതിരോധ പ്രവർത്തനങ്ങൾ	എല്ലാവർക്കും	നേരിട്ട്		10 am-1pm	
6	കോവിഡ് -19 സ്ലബിലൈസേഷൻ	കോവിഡ് 2 രോഗികൾ			24 മണിക്കൂർ	
7	ഔട്ട് പേഷ്യന്റ്	രോഗികൾക്ക്			9 am-6pm	

ബ്ലോക്ക് പഞ്ചായത്ത് ജീവനക്കാർ

അമൽദാസ്.കെ.ജെ	: സെക്രട്ടറി & ബി.ഡി.ഒ.
ശിബികുമാർ.ബി.എസ്	: ജോയിന്റ് ബി.ഡി.ഒ.
മുഹമ്മദ്ബഷീർ കെ പി	: ഹെഡ് ക്ലർക്ക്
രാജേഷ് കെ	: ഹെഡ് അക്കൗണ്ടന്റ്
ജമാലുദ്ദീൻ.ടി	: ജനറൽ എക്സ്റ്റൻഷൻ ഓഫീസർ
പ്രമീള കെ	: എക്സ്റ്റൻഷൻ ഓഫീസർ (ഹൗസിംഗ്)
ജയറാം എസ് ടി	: എക്സ്റ്റൻഷൻ ഓഫീസർ (വനിതാക്ഷേമം)
സോളമൻ കെ ജി	: എക്സ്റ്റൻഷൻ ഓഫീസർ (പിഓം)
പ്രവീഷ്ബാബു വി	: സീനിയർ ക്ലർക്ക്
റിസ്വാൻ സി	: ക്ലർക്ക്
അരുൺ എ ആർ	: ക്ലർക്ക്
രൂപേഷ് സി	: വി.ഇ.ഒ. ഗ്രേഡ് 1
ശശിധരൻ ടി ബി	: വി.ഇ.ഒ. ഗ്രേഡ് 1
സിജു ഡി	: വി.ഇ.ഒ. ഗ്രേഡ് 1
സൂര്യ വി എം	: വി.ഇ.ഒ. ഗ്രേഡ് 1
രാജ്കുമാർ ആർ	: വി.ഇ.ഒ. ഗ്രേഡ് 1
ശ്രീരാജ് ആർ	: വി.ഇ.ഒ. ഗ്രേഡ് 1
രജീഷ് പി.എം	: വി.ഇ.ഒ. ഗ്രേഡ് 1
കൃഷ്ണപ്രിയ	: ജെ എൽ.ഡി.ടൈപ്പിസ്റ്റ്
ഷിം ടി രാജ്	: ഡ്രൈവർ
സുനിത പി	: ഓഫീസ് അറ്റന്റന്റ്
സുജിത എം എസ്	: ഓഫീസ് അറ്റന്റന്റ്

കരാർ ജീവനക്കാർ

തസ്കീൻ എൻ പി	: അക്രഡിറ്റഡ് എൻജിനീയർ (MGNREGS)
സുബിത.കെ	: ഡാറ്റാ എൻട്രി ഓപ്പറേറ്റർ (MGNREGS)
റഹീന എം പി	: പ്രൊജക്ട് അസിസ്റ്റന്റ്
ഷഹീർ പി	: ആർ.ജി.എസ്.എ ബ്ലോക്ക് കോർഡിനേറ്റർ